കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

ഉഴവൂർ ബ്ലോക്ക് പഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2023-2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001

ഇ-മെയിൽ: **doktm.ksad@kerala.gov.in**
ഫോൺ : **0481-2564886**

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെഎസ്എ കെടിഎം പി.15/1296/2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയ്യതി: 10/09/2024
ഇ-മെയിൽ:
doktm.ksad@kerala.gov.in
ഫോൺ: 0481-2564886

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഉഴവൂർ ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : ഉഴവൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഉഴവൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2)ജോയിന്റ് ഡയറക്ടർ,തദ്ദേശ സ്വയംഭരണ വകുപ്പ്, കോട്ടയം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെഎസ്എ കെടിഎം പി.15/1296/2024 തീയ്യതി: 10/09/2024

കോട്ടയം ജില്ലയിലെ ഉഴവൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ ഉഴവൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-05-2023 മുതൽ 30-06-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2023 മുതൽ 31-03-2024 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 20 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 16 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 30-07-2024 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
സാബു സി.ജോർജ്ജ്	സീനിയർ ഡെപ്യൂട്ടി ഡയറക്ടർ	24-07-2024	31-07-2024

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
24-07-2024	31-07-2024

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

സുമേഷ് പി.വി, അസി.ഓഡിറ്റ് ഓഫീസർ

ജയശ്രീ പി.ജി, സീനിയർ ഗ്രേഡ് ഓഡിറ്റർ

ബീനാകുമാരി റ്റി.വി, ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)

ജോൺസൺ പുളിക്കീൽ	പ്രസിഡന്റ്	01-04-2023	16-11-2023
ഡോ.സിന്ധുമോൾ ജേക്കബ്	പ്രസിഡന്റ്	17-11-2023	07-12-2023
പി.സി.കുര്യൻ	പ്രസിഡന്റ്	08-12-2023	31-03-2024
ഷാജി എം.ഇ.	സെക്രട്ടറി	01-04-2023	30-04-2023
പ്രദീപ് എസ്,	സെക്രട്ടറി-ഇൻ-ചാർജ്ജ്	01-05-2023	01-06-2023
മണികണ്ഠൻ എസ്.	സെക്രട്ടറി	01-06-2023	18-07-2023
ജോഷി ജോസഫ്	സെക്രട്ടറി	19-07-2023	31-03-2024

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ദിലീപ് കുമാർ പി.റ്റി.	അസി.എക്സി.എഞ്ചിനീയർ	01-04-2023	31-03-2024
ജയശ്രീ എം.	അസി.എഞ്ചിനീയർ	01-04-2023	25-11-2023
സുജ എസ്.	അസി.എഞ്ചിനീയർ, ഇൻ-ചാർജ്ജ്	25-11-2023	31-03-2024
സിബി മോൻ ബി	ക്ഷീരവികസന ഓഫീസർ	01-04-2023	31-03-2024
ഡോ.ആരതി രഞ്ജിത്ത്	സൂപ്രണ്ട്, താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ഹോസ്പിറ്റൽ, കുറവിലങ്ങാട്	01-04-2023	31-03-2024
ഡോ.ജെസ്സി ജോയി സെബാസ്റ്റ്യൻ	സൂപ്രണ്ട്, ഉഴവൂർ കെ.ആർ.എൻ.എം.എസ്.ആശുപത്രി	01-04-2023	01-03-2024
ഡോ.സിതാര സി.ജെ.	ഉഴവൂർ കെ.ആർ.എൻ.എം.എസ്.ആശുപത്രി	02-03-2024	31-03-2024
സിന്ധു കെ.മാത്യു	കൃഷി അസി.ഡയറക്ടർ	01-04-2023	31-03-2024
ഡോ.സുകുമാരൻ പി.എൻ.	സിവിൽ സർജൻ, എഫ്.എച്ച്.സി., രാമപുരം	01-04-2023	31-03-2024
ഡോ.റ്റിൻസി രാമകൃഷ്ണൻ	സി.ഡി.പി.ഓ, ഉഴവൂർ	01-04-2023	31-03-2024
വിജീഷ് വി.എസ്.	എസ്.സി.ഡി.ഓ, ഉഴവൂർ	01-04-2023	31-03-2024
ഡോ.റോസ് സജിത ജോർജ്ജ്	മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി., കടപ്ലാമറ്റം	01-04-2023	22-06-2023
ഡോ.ഷെബിൻ കെ.ജോർജ്ജ്	എഫ്.എച്ച്.സി, കടപ്ലാമറ്റം	23-06-2023	06-07-2023
ഡോ.വിധു ജെയിംസ്	മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി., കടപ്ലാമറ്റം	07-07-2023	31-03-2024

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ഓഡിറ്റ് സർട്ടിഫിക്കറ്റ്	1-1
2	ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല	1-1-1
3	ബ്ലോക്ക് പഞ്ചായത്തിന്റെ ജനറൽ ഫണ്ട്, ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ എന്നിവയുടെ കൃത്യത പരിശോധിക്കുന്നതിന് അടിസ്ഥാന രേഖകളും വിശദീകരണവും ലഭ്യമല്ല.	1-1-2
4	ക്യാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സായി ഉൾപ്പെടുത്തിയിട്ടുള്ള തുകയുടെ കൃത്യത ഉറപ്പാക്കുന്നതിന് സാധിച്ചില്ല.	1-1-3
5	വാടക ഡി.സി.ബി കൃത്യമായി രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല	1-1-4
6	ബി 5, ബി 16 ഷെഡ്യൂളുകൾ പൊരുത്തപ്പെടുന്നില്ല	1-1-5
7	Contractors Retention വരവ് തുക പൂർണ്ണമായും അക്കൌണ്ട് ചെയ്തിട്ടില്ല	1-1-6
8	അഡ്വാൻസ്, ഡെപ്പോസിറ്റ് രജിസ്റ്ററുകൾ കാലികമാക്കിയിട്ടില്ല	1-1-7
9	ധനകാര്യകമ്മീഷൻ ഗ്രാന്റ്- ചെലവ് തുക പൊരുത്തപ്പെടുന്നില്ല.	1-1-8
10	ബജറ്റ്	1-2
11	സാമ്പത്തികവിശകലനം	1-3
12	ഫണ്ട് വിനിയോഗം	1-4
13	വാർഷികപദ്ധതി-അവലോകനം	1-5
14	മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി	1-6
15	സാമൂഹ്യസുരക്ഷാപെൻഷൻ	1-7
16	ക്യാഷ് ബാലൻസ് പരിശോധന	1-8
17	ആഭ്യന്തരനിയന്ത്രണസംവിധാനം.	1-9
18	മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം.	1-10
19	വാടക തുക പൂർണ്ണമായും ഈടാക്കിയിട്ടില്ല	1-11
20	ക്യാന്റീൻ നടത്തിപ്പ് - വാടക കുടിശ്ശിക ഈടാക്കിയില്ല.റവന്യൂ റിക്കവറി നടപടികളിൽ പുരോഗതിയില്ല.	1-12
21	ഐ.എ.വൈ ഭവനപദ്ധതിയുടെ ഭാഗമായുള്ള അധിക വിഭവ സമാഹരണത്തിനുള്ള വായ്പ-തിരിച്ചടവിലെ വീഴ്ച്ച മൂലം വൻബാധ്യത.	1-13
22	വനിതകൾക്ക് ഫിറ്റ്നെസ്സ് സെന്റർ- ബോധവൽക്കരണത്തിന്റെ അഭാവം മൂലവും ഉപകരണങ്ങൾ ഉപയോഗ്യമാക്കാത്തതിനാലും ഭൗതിക ലക്ഷ്യം കൈവരിച്ചില്ല.	1-14
23	കെ.എം മാണി തണൽ വിശ്രമ കേന്ദ്രം ഒന്നാം ഘട്ടം നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല	1-15
24	രാമപുരം ഗ്രാമ പഞ്ചായത്തിലെ എസ്.സി കോളനികളിൽ സോളാർ മിനി മാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കൽ -പൂർത്തീകരണ വിവരങ്ങൾ ലഭ്യമല്ല	1-16
25	ഉഴവൂർ കെ.ആർ.എൻ.എം .എസ് ആശുപത്രി,കുറവിലങ്ങാട് താലൂക്ക് ആശുപത്രി കുടുംബാരോഗ്യ കേന്ദ്രം രാമപുരം എന്നിവിടങ്ങൽ സോളാർ പാനൽ സ്ഥാപിക്കൽ പദ്ധതി ലക്ഷ്യം കൈവരിച്ചില്ല.	1-17
26	കാർഷിക തൊഴിൽ സേനയ്ക്ക് കാർഷിക യന്ത്രങ്ങൽ വാങ്ങൽ- മിനി ട്രാക്ടർ വാങ്ങി	1-18

	നൽകിയത്-കാർഷിക കർമ്മ സേനയ്ക്ക് കൈമാറിയ വിവരങ്ങൾ ലഭ്യമല്ല-റ്റി.ഡി.എസ് പിടിച്ചില്ല	
27	വിവിധ ആശുപത്രികളിൽ സിസിടിവി സ്ഥാപിക്കൽ--പ്രോജക്ട് പൂർത്തീകരിച്ചില്ല-നിക്ഷേപിച്ച 12 ലക്ഷം രൂപ സർക്കാർ വകുപ്പിന്റെ അക്കൗണ്ടിൽ മുടങ്ങിക്കിടക്കുന്നു	1-19
28	ചിറക്കുളത്തിന് സമീപം ചിൽഡ്രൻസ് പാർക്ക് - പ്രവർത്തനക്ഷമമായില്ല.	1-20
29	ചിറയിൽക്കുളം നവീകരണം - ചിറയിടിഞ്ഞ് പ്രവൃത്തി നശിച്ചു.	1-21
30	വയലാ പബ്ലിക് ലൈബ്രറി - പൂർത്തീകരിച്ചില്ല.	1-22
31	ജെറിയാട്രിക് പാർക്കിന് അടിസ്ഥാന സൗകര്യവികസനം- ഗുണനിലവാരമില്ലാത്ത നിർവ്വഹണം-ലക്ഷ്യം കൈവരിച്ചിട്ടില്ല	1-23
32	കൊണ്ടാട് വനിതാവികസനകേന്ദ്രം - ലക്ഷ്യം കൈവരിച്ചില്ല.	1-24
33	മുല്ലമറ്റം ചെറുകുറിഞ്ഞി റോഡ് - കേസിന്റെ നിലവിലെ സ്ഥിതി വ്യക്തമല്ല.	1-25
34	പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി - 12 ഗുണഭോക്താക്കൾ നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല	1-26
35	വിവിധ ആശുപത്രികൾക്ക് മരുന്ന്/ഉപകരണങ്ങൾ വാങ്ങൽ--മരുന്ന് പൂർണ്ണമായും ലഭിച്ചിട്ടില്ല	1-27
36	പി.എം എ വൈ -എല്ലാ ഗുണഭോക്താക്കളും ഭവന നിർമ്മാണം പൂർത്തീയാക്കിയില്ല	1-28
37	ഡെപ്പോസിറ്റ് പ്രവൃത്തി-ഭൂജല വകുപ്പിൽ നിക്ഷേപിച്ച 2.5 ലക്ഷം രൂപ മുടങ്ങികിടക്കുന്നു.	1-29
38	മാലിന്യനിർമ്മാർജനം ബ്ളോക്ക് പഞ്ചായത്തിന്റെ പ്രവർത്തനം - അവലോകനം	1-30
	ഭാഗം 2	
	--- No Records Found ---	
	ഭാഗം 3	
	--- No Records Found ---	
	ഭാഗം 4	
1	വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ വിവരം.	4-1
2	സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം.	4-2
3	ഡെപ്പോസിറ്റ് വർക്കുകൾക്കായി കൈമാറിയ തുകകളുടെ വിവരം.	4-3
4	മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം	4-4
5	വായ്പ/വായ്പ തിരിച്ചടവ്	4-5
6	സ്ഥിരനിക്ഷേപങ്ങൾ	4-6
7	ഓഡിറ്റ് റിക്കവറി.	4-7
8	സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലുൾപ്പെട്ട ഖണ്ഡികകളുടെ വിവരം.	4-8
9	ചാർജ്/ സർചാർജ് നടപടികളിലൂടെ ഈടാക്കിയ തുകകളുടെ വിവരം	4-9
10	ഓഡിറ്റ് പ്രത്യവലോകനം	4-10
11	തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ.	4-11
	അനുബന്ധം	
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	

ഭാഗം -1

പൊതു അവലോകനം

1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. **ഉഴവൂർ ബ്ലോക്ക്പഞ്ചായത്തിന്റെ** 2024 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31/03/2024 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 23/05/2024 തീയതിയിലെ 4(1) നം. തീരുമാനം പ്രകാരം അംഗീകരിച്ച് 31.05.2024 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം, 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി. & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, ഉഴവൂർ ബ്ലോക്ക്പഞ്ചായത്തിന്റെ 2023-24 വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യപത്രികകൾ 31/03/2024-ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31/03/2024 ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

1-1-1 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

26/07/2011-ലെ ജി.ഒ.(എം.എസ്)152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. ബാലൻസ് ഷീറ്റ് ബി-11 ഷെഡ്യൂളിൽ മാർക്കറ്റ്, ബസ് സ്റ്റാന്റ്, റോഡുകൾ തുടങ്ങിയവയുടെ മൂല്യവും ചേർത്തിട്ടുണ്ട്. ഇപ്രകാരം മൂല്യനിർണ്ണയം നടത്തിയ മേൽ ആസ്തികൾ ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ആസ്തികളാണോ എന്നതിൽ വ്യക്തതയില്ല.

1-1-2 ബ്ലോക്ക് പഞ്ചായത്തിന്റെ ജനറൽ ഫണ്ട്, ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ എന്നിവയുടെ കൃത്യത പരിശോധിക്കുന്നതിന് അടിസ്ഥാന രേഖകളും വിശദീകരണവും ലഭ്യമല്ല.

31/03/2024 തീയതിയിലെ ബ്ലോക്ക് പഞ്ചായത്തിന്റെ ജനറൽ ഫണ്ട്, ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ എന്നിവയുടെ കൃത്യത പരിശോധിക്കുന്നതിന് അടിസ്ഥാന രേഖകളും വിശദീകരണവും ലഭ്യമല്ല.

1-1-3 ക്യാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സായി ഉൾപ്പെടുത്തിയിട്ടുള്ള തുകയുടെ കൃത്യത ഉറപ്പാക്കുന്നതിന് സാധിച്ചില്ല.

ക്യാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സായി B-11(a) ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടുള്ള തുകയുടെ (1687412/- രൂപ) കൃത്യത രേഖകളുടെ അഭാവത്തിൽ ഉറപ്പാക്കുന്നതിന് സാധിച്ചില്ല.

1-1-4 വാടക ഡി.സി.ബി കൃത്യമായി രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല

വാടക വരവിന്റെ 2023-24 ഡി.സി.ബി., കുടിശിക ഡി.സി.ബി. തയ്യാറാക്കിയിട്ടുണ്ടെങ്കിലും വാർഷിക ധനകാര്യപത്രികയിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.

1-1-5 ബി 5, ബി 16 ഷെഡ്യൂളുകൾ പൊരുത്തപ്പെടുന്നില്ല

31.03.2024 ലെ ബാലൻസ് ഷീറ്റിലെ ബി 5 – Secured Loans ഷെഡ്യൂളും ബി 16 – Pre-paid Expenses ഷെഡ്യൂളും പൊരുത്തപ്പെടുന്നില്ല. ആയത് പൊരുത്തപ്പെടുത്തൽ നടത്തി Schedules കൃത്യമാക്കി തയ്യാറാക്കേണ്ടതാണ്.

1-1-6 Contractors Retention വരവ് തുക പൂർണ്ണമായും അക്കൌണ്ട് ചെയ്തിട്ടില്ല

Contractors Retention തൻവർഷം വരവ് 1,12,728/- രൂപയാണ്. എന്നാൽ 42707/- രൂപ മാത്രമെ വരവായി അക്കൗണ്ട് ചെയ്തിട്ടുള്ളു.

1-1-7 അഡ്വാൻസ്, ഡെപ്പോസിറ്റ് രജിസ്റ്ററുകൾ കാലികമാക്കിയിട്ടില്ല

അഡ്വാൻസ്, ഡെപ്പോസിറ്റ് രജിസ്റ്ററുകൾ പൂർണ്ണമായും രേഖപ്പെടുത്തലുകൾ നടത്തി സാമ്പത്തിക വർഷം സംക്ഷിപ്തം തയ്യാറാക്കി കാലികമാക്കി സൂക്ഷിച്ചിട്ടില്ല. തൻമൂലം ബാലൻസ് ഷീറ്റിലെ ബന്ധപ്പെട്ട ഷെഡ്യൂളുകൾ പ്രതിഫലിപ്പിക്കുന്ന തുകയുടെ കൃത്യത വ്യക്തമല്ല.

1-1-8 ധനകാര്യകമ്മീഷൻ ഗ്രാന്റ്- ചെലവ് തുക പൊരുത്തപ്പെടുന്നില്ല.

ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്), (അൺടൈഡ്) ഇനത്തിലെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരമുള്ള ചെലവ് തുക വാർഷിക കണക്കുകൾ പ്രകാരമുള്ള ചെലവ് തുകയുമായി പൊരുത്തപ്പെടുന്നില്ല.

1-2 ബജറ്റ്

2023-24 വർഷത്തെ ബജറ്റ് 21.03.2023 ലെ 1(1)-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 13.02.2024 തീയതിയിലെ (1) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

ഇനം	ബജറ്റ്	പുതുക്കിയ

		ബജറ്റ്
മുന്നിരിപ്പ്	2901054.00	4254150.00
വരവ്	305972046.00	274909931.00
ആകെ	308873100.00	279164081.00
ചെലവ്	306748100.00	276049581.00
നീക്കിയിരിപ്പ്	2125000.00	3114500.00

തൻവർഷത്തെ ഒറിജിനൽ ബജറ്റും പുതുക്കിയ ബജറ്റും തമ്മിൽ സാരമായ വ്യതിചലനം കാണുന്നു. പുതുക്കിയ ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് ചെലവ് തുകകളും യഥാർത്ഥ വരവ് ചെലവ് തുകകളും തമ്മിൽ താരതമ്യത്തിന് അതീതമായ വ്യത്യാസവും നിലനിൽക്കുന്നു.

1-3 സാമ്പത്തികവിശകലനം

ഉഴവൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2023-24 വർഷത്തെ റസീറ്റ് & പേമെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ പത്രിക, പത്രികയിലെ കണക്കുകളുടെ വിശദാംശവും ഓഡിറ്റ് ചെയ്ത ശേഷം വരവ്, ചെലവ് നഷ്ടം, തടസ്സപ്പെടുത്തിയ തുക എന്നിവ ചുവടെ ചേർക്കുന്നു.

റസീറ്റ് & പേമെന്റ് പത്രിക 2023-24

മുന്നിരിപ്പ് (01/04/2023)	9225328
ഓഡിറ്റ് വർഷത്തെ വരവ്(Receipt)	71373150
ആകെ	80598478
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്(Payment)	70908164
നീക്കിയിരിപ്പ് (31/03/2024)	11690314

ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് 2023-24

ഓഡിറ്റ് വർഷത്തെ വരുമാനം(Income)	50955727
ഓഡിറ്റ് വർഷത്തെ ചെലവ്(Expenditure)	55230273
പ്രവർത്തന നഷ്ടം(Gross Deficit)	-4274546
അറ്റ മുൻകാല അക്കൗണ്ടിങ്ങ് ക്രമീകരണം	0
അറ്റ പ്രവർത്തന നഷ്ടം (Net Deficit)	-4274546

ഓഡിറ്റ് പ്രത്യവലോകനം 2023-24

വരവിനങ്ങളിലുള്ള നഷ്ടം(ചാർജ് ചെയ്യാവുന്നത്)	ഇല്ല
ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക (സർച്ചാർജ് ചെയ്യാവുന്നത്)	ഇല്ല
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	7657548/-

1-4 ഫണ്ട് വിനിയോഗം

ഗ്രാന്റ്-ഇനം	മുന്നിരിപ്പ്	അലോട്ട്മെന്റ്/ വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്/ ലാപ്സായ തുക
വികസന ഫണ്ട്-ജനറൽ	0	26450000	26450000	24083680	2366320
വികസന ഫണ്ട്-SCP	0	8933000	8933000	5188936	3744064
വികസന ഫണ്ട്-TSP	0	341000	341000	227400	113600
ധനകാര്യ കമ്മീഷൻ ഗ്രാന്റ്-Tied	2249717	3285000	5534717	4346820	1187897
ധനകാര്യ കമ്മീഷൻ ഗ്രാന്റ്-Untied	561495	4380000+ 114242 (Interest)+ 738428 (DP Share)	5794165	4395280	1398885
മെയിന്റനൻസ് ഗ്രാന്റ്- Non Road	0	19486600	19486600	14151037	5335563

വികസനഫണ്ട് (ജനറൽ, എസ്.സി.പി,)മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം)എന്നിവയുടെ സാംഖ്യയിൽ നിന്ന് ജനറേറ്റ് ചെയ്യുന്ന എ.സി.ആർ പ്രകാരമുള്ള ചെലവ് സുലേഖ പത്രിക പ്രകാരമുള്ള ചെലവിൽ നിന്നും വ്യത്യാസപ്പെട്ടിരിക്കുന്നു. (ചില ബില്ലുകൾ ബിഡിഎസ് (Bill Discounting System) പ്രകാരം മാറിയിട്ടുള്ളതിനാലും ക്യൂ ബില്ലിൽ ഉൾപ്പെട്ട തുകകൾ എ.സി.ആർ ൽ മാത്രമെ ചെലവായി പരിഗണിച്ചിട്ടുള്ളൂ എന്നതും വ്യത്യാസത്തിന് കാരണം ആണ്.)

ധനകാര്യകമ്മീഷൻ ഗ്രാന്റിനത്തിൽ ബാങ്ക് അക്കൗണ്ടിലെ തുകക്ക് തൻ വർഷം ലഭിച്ച പലിശ 114242/- രൂപ, ജില്ലാ പഞ്ചായത്ത് വിഹിതം 738428/- രൂപ എന്നിവ അലോട്ട്മെന്റായി ചേർത്തിട്ടില്ല. ടി തുകകൾ ചേർത്ത തുകയാണ് വരവായി ഉൾപ്പെടുത്തിയിരിക്കുന്നത്. വാർഷികധനകാര്യ പത്രികയിലെ സി.എഫ്.സി.ഗ്രാന്റ് ടൈഡ്, അൺടൈഡ് ഇനത്തിലെ ചെലവ് തുകകൾ ചെലവ് പത്രിക, ഗ്രാന്റ് സ്റ്റേറ്റ്മെന്റ് എസിആർ എന്നിവയിലെ കണക്കുകളിൽ നിന്നും വ്യത്യാസപ്പെട്ടിരിക്കുന്നു. വ്യത്യാസം വിശദീകരിക്കപ്പെട്ടില്ല.

ടി അപാകതകൾക്ക് വിധേയമായാണ് അനുബന്ധം 2 പ്രകാരമുള്ള ഗ്രാന്റ് വിനിയോഗ സാക്ഷ്യപത്രം പുറപ്പെടുവിക്കുന്നത്.

1-5 വാർഷികപദ്ധതി-അവലോകനം

പദ്ധതി ആസൂത്രണത്തിന്റെ പ്രാഥമികഘട്ടമായി ആസൂത്രണസമിതിയും വർക്കിംഗ് ഗ്രൂപ്പുകളും പുനസംഘടിപ്പിച്ച് രൂപീകരിക്കുകയും വികസനരേഖ തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ആസൂത്രണനടപടികളും നിബന്ധനകളും സംബന്ധിച്ച മാർഗ്ഗരേഖാ ഉത്തരവിലെ നിർദ്ദേശങ്ങൾ പൂർണ്ണമായും പാലിച്ചിട്ടില്ല. പദ്ധതി രൂപീകരണത്തിൽ മുഖ്യപങ്ക് വഹിക്കേണ്ട വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമായിരുന്നില്ല എന്നാണ് രേഖകളിൽനിന്നും വ്യക്തമാകുന്നത്. പദ്ധതി

രൂപീകരണത്തിന്റെ വിവിധ ഘട്ടങ്ങൾ ചുവടെ ചേർക്കുന്നു.

പ്രവർത്തനഘട്ടം	തീയതി
ആസൂത്രണസമിതിയോഗം	9.12.22
വർക്കിംഗ് ഗ്രൂപ്പ് യോഗം	30.12.22
പദ്ധതി രൂപീകരണ ഗ്രാമസഭ	10.1.23
വികസനസെമിനാർ	27.2.23
പദ്ധതി അന്തിമ അംഗീകാരം	82898/23/DPC/DPO/KTM തീയതി 29.1.24

<u>വാർഷികപദ്ധതി</u>

ബ്ലോക്ക് പഞ്ചായത്തിന്റെ 2023-24 വാർഷിക പദ്ധതിക്ക് വിവിധ ഫണ്ടുകളിൽ നിന്നായി ആകെ 141067921/- രൂപ വകയിരുത്തിയിരുന്നു. സ്പിൽ ഓവർ ഉൾപ്പെടെ ആകെ 192 പ്രോജക്ടുകൾക്ക് അംഗീകാരം ലഭിച്ചതിൽ 134 പ്രോജക്ടുകൾക്കുവേണ്ടി തൻവർഷം 60440456/-രൂപ ചെലവഴിച്ചിട്ടുണ്ട്. വാർഷികപദ്ധതിച്ചെലവ് 42%. പ്രോജക്ട് നമ്പർ 166/24 പ്രകാരമുള്ള 687831/- രൂപയുടെ ധനകാര്യകമ്മീഷൻ ഗ്രാന്റിൽ നിന്നുള്ള ചെലവ്, ചെലവ് പത്രികയിൽ പ്രതിഫലിച്ചിട്ടില്ല.

<u>നിർവ്വഹണോദ്യോഗസ്ഥരുടെ ചെലവുവിവരങ്ങൾ</u>

2023-24 വാർഷികപദ്ധതിയിൽ വിവിധ നിർവ്വഹണോദ്യോഗസ്ഥരുടെ ചെലവുവിവരങ്ങൾ ചുവടെ ചേർക്കുന്നു.

നിർവ്വഹണോദ്യോഗസ്ഥൻ	വിഭാവനം ചെയ്ത പ്രോജക്ടുകൾ	നടപ്പിലാക്കിയ പ്രോജക്ടുകൽ	അംഗീകാരം കിട്ടിയ പ്രോജക്ടുകൾ വകയിരുത്തിയ തുക	നടപ്പാക്കിയ പ്രോജക്ടുകൾ ചെലവഴിച്ച തുക	ചെലവു ശതമാനം
സെക്രട്ടറി	41	27	50209943	20675168	41
സി.ഡി.പി.ഒ.	14	14	4262278	4171538	97.8
ഡയറി എക്സ്റ്റൻഷൻ ഓഫീസർ	5	5	3140000	2625819	83.6
അസിസ്റ്റന്റ് എൻജിനീയർ	73	40	49977349	16491485	33
മെഡിക്കൽ ഓഫീസർ, സി.എച്ച്.സി,	34	25	19751189	7958161	40
പട്ടികജാതി വികസന ഓഫീസർ	4	4	3925000	1684173	42.9
അസിസ്റ്റന്റ് ഡയറക്ടർ,	5	4	4510000	2604490	57.4

കൃഷി					
മെഡിക്കൽ ഓഫീസർ, താലൂക്ക് ഹോസ്പിറ്റൽ	12	11	4134400	3494745	84.5
അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ	3	3	1137762	734877	64.5
വ്യവസായ വികസന ഓഫീസർ	1	1	20000	0	0
ആകെ	192	134	141067921	60440456	42

<u>വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം</u>

ഓരോ വിഷയമേഖലയുടേയും കീഴിൽ ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതികളുടെ കൃത്യമായ ആസൂത്രണത്തിനും നടപ്പാക്കലിനും വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം വേണ്ടത്ര കാര്യക്ഷമമായിരുന്നില്ല.
വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് സമിതികളായി പ്രവർത്തിച്ച് പ്രോജക്ട് നിർവ്വഹണത്തിന്റെ പുരോഗതി വിലയിരുത്തി റിപ്പോർട്ട് സമർപ്പിക്കണമെന്ന മാർഗ്ഗരേഖാനിർദ്ദേശം പാലിക്കുന്നതിലും തുടർനിരീക്ഷണം നടത്തി പ്രോജക്ട് ലക്ഷ്യം കൈവരിക്കുന്നുണ്ടോ എന്ന് വിലയിരുത്തുന്നതിലും ചുമതല തൃപ്തികരമായി നിറവേറ്റിയിട്ടില്ല.

<u>വാർഷികപദ്ധതി – വിലയിരുത്തൽ</u>

ഉഴവൂർ ബ്ലോക്ക് പഞ്ചായത്തിന്റെ തൻവർഷത്തെ വാർഷിക പദ്ധതി നിർവ്വഹണം 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 172(1)-ാം വകുപ്പ് പ്രകാരമുള്ള 4-ാം പട്ടികയിൽ അനുശാസിച്ചിട്ടുള്ള പൊതു/മേഖല അടിസ്ഥാനത്തിലുള്ള ചുമതലകൾ നിർവ്വഹിക്കുന്നതിന് പൂർണ്ണമായും അനുഗുണമായിരുന്നില്ല. തൻ വർഷം സേവനമേഖലയ്ക്ക് ഊന്നൽ നൽകിയ പദ്ധതി നിർവ്വഹണമാണ് പ്രധാനമായും ഏറ്റെടുത്തത്. ബ്ലോക്ക് പഞ്ചായത്തിന് പരിപാലന ചുമതലയുള്ള സർക്കാർ ആശുപത്രികൾക്കുവേണ്ടി വൻ തുക ചെലവഴിച്ച് പ്രോജക്ട് നിർവ്വഹണം നടത്തിയിട്ടുണ്ട്. എങ്കിലും ഇവയുടെ ഭൗതിക നേട്ടം പൂർണ്ണമായി ആർജ്ജിക്കാൻ സാധിച്ചിട്ടില്ല. സാന്ത്വനം പദ്ധതിയുടെ ഭാഗമായി രോഗികൾക്ക് ആവശ്യമായ മരുന്നുകൾ വാങ്ങുന്നതിനായി വിവിധ പ്രോജക്ടുകൾ പ്രകാരം മുൻകൂർ തുക ചെലവഴിച്ചിട്ടുണ്ടെങ്കിലും മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല. ഉഴവൂർ കെ.ആർ നാരായണൻ ആശുപത്രി, കടപ്ലാമറ്റം എഫ്.എച്ച്.സി, കുറവിലങ്ങാട് താലൂക്ക് ആശുപത്രി എന്നിവടങ്ങളിൽ സി.സി.റ്റി.വി സ്ഥാപിക്കൽ എന്ന പ്രോജക്ടുകൾക്കായി വകയിരുത്തിയ തുക പൂർണ്ണമായും പിൻവലിച്ചെങ്കിലും ആയവ നിർവ്വഹണ ഏജൻസികളുടെ അക്കൗണ്ടിൽ മുടങ്ങി കിടക്കുകയാണ്. (ഖ.1-19) സി.സി.റ്റി.വി സ്ഥാപിച്ചതിന്റെ രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

* ഭവനനിർമ്മാണവുമായി ബന്ധപ്പെട്ട് ബ്ലോക്കിന്റെ കീഴിൽവരുന്ന ഗ്രാമപഞ്ചായത്തുകളിലെ ഗുണഭോക്താക്കൾക്കായി ലൈഫ് പദ്ധതിയിൽപ്പെടുത്തി തൻവർഷം ബ്ലോക്ക് ഷെയർ അനുവദിച്ചിട്ടുണ്ട്.

* വയോജനക്ഷേമം ലക്ഷ്യമാക്കി നടപ്പാക്കിയ ജെറിയാട്രിക് പാർക്ക് നിർമ്മാണം പൂർത്തീകരിച്ചു. എന്നാൽ പാർക്കിനോട് ചേർന്നുള്ള ചിറയിൽക്കുളത്തിന്റെ സൈഡിൽ ടൈലിട്ട് മനോഹരമാക്കിയിരുന്നുവെങ്കിലും സമീപസ്ഥമായ ചിറയിടിഞ്ഞതിനാൽ പ്രവൃത്തി ഭാഗികമായി നശിച്ച നിലയിലാണ്. പ്രസ്തുത പാർക്കിന് മുൻഭാഗത്തും ടൈൽ വിരിച്ചിരുന്നുവെങ്കിലും പ്രസ്തുത ഭാഗവും ഇടിഞ്ഞ് താഴ്ന്ന നിലയിലാണ്. ആയതിനാൽ പദ്ധതി പണം ഗണ്യമായി പാഴായിട്ടുണ്ട്.

*വനിതാ ശിശുക്ഷേമ മേഖലയിൽ കുട്ടികളുടെ പാർക്കിനായും, വിവിധ പഞ്ചായത്തുകളിൽ ഫിറ്റ്നെസ് സെന്ററുകൾ തുടങ്ങുന്നതിനായും വൻ തുക ചെലവഴിച്ച് ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ടെങ്കിലും പല ഫിറ്റ്നെസ് സെന്ററുകളും പ്രവർത്തന ക്ഷമമായിട്ടില്ല. പ്രോജക്ടുകളുടെ തുടർ നടത്തിപ്പിൽ കാര്യക്ഷമതയില്ലാത്തതുമൂലം ആസ്തികൾ നശിച്ചുപോകുന്ന അവസ്ഥ ഒഴിവാക്കേണ്ടതാണ്.

*വ്യവസായവികസന ഓഫീസർ തൻവർഷം പ്രോജക്ടുകളൊന്നും നിർവ്വഹിച്ചിട്ടില്ല. തൻമൂലം പ്രസ്തുത മേഖലയിലെ മേഖല അടിസ്ഥാനത്തിലുള്ള ചുമതലകൾ നിർവ്വഹിക്കുന്നതിൽ ബ്ലോക്ക് പഞ്ചായത്ത് വേണ്ടത്ര വിജയിച്ചിട്ടില്ലെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

*പ്ലാസ്റ്റിക് വേസ്റ്റ് നിർമ്മാർജനം ലക്ഷ്യംവെച്ച് പ്രോജക്ട് ആവിഷ്കരിച്ചെങ്കിലും നടപ്പാക്കിയില്ല.

മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം

ആകെ വിഭാവനം ചെയ്ത 73 പ്രോജക്ടുകളിൽ 40 എണ്ണം നിർവ്വഹണം നടത്തിയിട്ടുണ്ട്. വിവിധ പഞ്ചായത്തുകളിൽ കുടിവെള്ള പദ്ധതികൾ പൂർത്തീകരണവുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ നിർവ്വഹിച്ചിട്ടുണ്ട്. ആതുരചികിത്സാ രംഗത്ത് മുൻപന്തിയിൽ നിൽക്കുന്ന ആശുപത്രികൾക്ക് നവീകരണപ്രവൃത്തികൾ, അങ്കണവാടികളുടെ മെയിന്റനൻസ്, കളിസ്ഥല നിർമ്മാണം, നവീകരണം, വനിതാ വ്യവസായകേന്ദ്രം നിർമ്മാണം, ജെറിയാടിക് പാർക്ക് നവീകരിക്കൽ, ചിൽഡ്രൻസ് പാർക്ക് നിർമ്മാണം, പബ്ലിക്ക് ലൈബ്രറി നിർമ്മാണം എന്നിവയായിരുന്നു പ്രധാന പ്രോജക്ടുകൾ. വിവിധ ഡിവിഷനുകളിലേക്കായി ഫണ്ട് വിഭജിച്ച് വകയിരുത്തുന്ന പ്രവണതയാണുള്ളത്. തൻമൂലം വിവിധ മരാമത്ത് പ്രവൃത്തികളുടെ പൂർത്തീകരണത്തിന് ആവശ്യമായ എല്ലാ ഘടകങ്ങളും ഉൾപ്പെടുത്താതെയും മതിയായ തുക വകയിരുത്താതെയും പ്രോജക്ടുകൾ ആരംഭിക്കേണ്ടിവരുന്നു. ഇക്കാരണത്താൽ പല പ്രോജക്ടുകളും സ്പിൽഓവറായി ഉൾപ്പെടുത്തേണ്ട സാഹചര്യമാണുള്ളത്. (ഉദാഹരണമായി കെ.എം മാണി തണൽ വിശ്രമ കേന്ദ്രം, ചിൽഡ്രൻസ് പാർക്ക്, വയലാ പബ്ലിക്ക് ലൈബ്രറി, വനിതാ വികസനകേന്ദ്രം തുടങ്ങിയവ)

നിർവ്വഹണോദ്യോഗസ്ഥർ നടപ്പാക്കിയിട്ടുള്ള വിവിധ പ്രോജക്ടുകളുടെ ഫലപ്രദമായ ലക്ഷ്യപ്രാപ്തി ഉറപ്പുവരുത്തുന്നതിലേക്കായി മോണിറ്ററിംഗ് സമിതിയുടെയും ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയുടേയും മേൽനോട്ടവും ഇടപെടലും ഉണ്ടാകേണ്ടതുണ്ട്. നടപ്പാക്കിയിട്ടുള്ള എല്ലാ പ്രോജക്ടുകളുടേയും നേരിട്ടുള്ള പ്രയോജനം ഗുണഭോക്താക്കൾക്ക് ലഭ്യമാകുന്ന സാഹചര്യം ഉറപ്പക്കേണ്ടതുമാണ്.

ആസൂത്രണ നിർവ്വഹണപ്രവർത്തനങ്ങളിലെ അപാകത- വലിയ തുക സഞ്ചിത നിധിയിലേയ്ക്ക് തിരികെ എടുക്കപ്പെട്ടു

പദ്ധതി ആസൂത്രണ നിർവ്വഹണപ്രക്രിയയിലെ താമസം മൂലവും മാർച്ച് മാസാവസാനം ട്രഷറിയിൽ ബിൽ തുക പൂർണ്ണമായി പാസ്സാക്കി ലഭിക്കാതിരുന്നതു മൂലവും ചുവടെ ചേർക്കും പ്രകാരം വലിയ തുക സർക്കാരിന്റെ സഞ്ചിത നിധിയിലേയ്ക്ക് തിരികെ എടുക്കപ്പെട്ടു.

ഇനം	സഞ്ചിത നിധിയിലേയ്ക്ക് തിരികെ എടുക്കപ്പെട്ട തുക (രൂപ)
വികസനഫണ്ട് (ജനറൽ)	2366320
വികസനഫണ്ട് (എസ്.സി.പി)	3744064
വികസനഫണ്ട് (റ്റി.എസ്.പി)	113600

റോഡിതര സംരക്ഷണഗ്രാന്റ്	5335563
ആകെ	1,15,59,547

ആയതിൽ ജനറൽ ഫണ്ടിനത്തിൽ 3,79,644/- രൂപയും എസ്.സി.പി ഫണ്ടിനത്തിൽ 20,11,267/- രൂപയും സംരക്ഷണ ഗ്രാന്റ് റോഡിതരം ഫണ്ടിനത്തിൽ 29,61,730 /- രൂപയുമുൾപ്പെടെ ആകെ 53,52,641/- രൂപ തൻവർഷം ക്യൂബില്ലിൽ ഉൾപ്പെട്ടതാണ്. ആയത് അടുത്ത വർഷത്തെ അലോട്ട്മെന്റിൽ നിന്നും ചെലവ് ചെയ്യേണ്ടിവരും. പദ്ധതി നിർവ്വഹണത്തിൽ സമയക്രമം പാലിച്ച് അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-6 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ബ്ലോക്ക് പ്രോഗ്രാം ഓഫീസർ എന്ന ചുമതലയാണ് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി നിർവ്വഹിക്കുന്നത്. ഇത് സംബന്ധമായ വരവ് ചെലവുകണക്കുകൾ ബ്ലോക്ക് പഞ്ചായത്തിന്റെ അക്കൗണ്ടിൽ പ്രതിഫലിക്കപ്പെടുന്നില്ല. 2023-24 വർഷം തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട് ബളോക്ക് പഞ്ചായത്തിന് കീഴിലുള്ള ഗ്രാമപഞ്ചായത്തുകളിലൂടെ സൃഷ്ടിക്കപ്പെട്ട മനുഷ്യദിനങ്ങളുടെയും ചെലവഴിച്ച തുകയുടെയും സംഗ്രഹം ചുവടെ ചേർക്കുന്നു.

ഗ്രാമപഞ്ചായത്ത്	മനുഷ്യ ദിനങ്ങൾ	വിദഗ്ധ തൊഴിലാളി ശമ്പളം	അവിദഗ്ധ തൊഴിലാളി ശമ്പളം	സാധനങ്ങളുടെ ചെലവ്	ഭരണച്ചെലവ്	ആകെ
കടപ്ലാമറ്റം	40967	1823633	13557278	6272116	583851	22236878
കാണക്കാരി	41570	911000	13934000	4757000	654000	20256000
കുറവിലങ്ങാട്	41322	1003310	13744111	2178797	1351078	18277296
മാഞ്ഞൂർ	58797	1495788	19357460	5224130.7	1380797	27458175.7
മരങ്ങാട്ടുപിള്ളി	35040	554163	11820413	3247309	2041315	17663200
രാമപുരം	40549	1657429.6	13565406	3434105.27	1150269	19807209.9
ഉഴവൂർ	29923	9993546	10074207	3949976	1040244	25057973
വെളിയന്നൂർ	23247	715716	7778573	1975000	858000	11327289
	311415	18154585.6	103831448	31038433.97	9059554	162084022

1-7 സാമൂഹ്യസുരക്ഷാപെൻഷൻ

ബ്ലോക്ക് പഞ്ചായത്ത് മുഖാന്തിരം സാമൂഹ്യസുരക്ഷാപെൻഷനുകൾ വിതരണം ചെയ്യുന്നില്ല. വാർഷികകണക്കിലും പ്രസ്തുതയിനത്തിൽ തുകകൾ ഉൾപ്പെട്ടിട്ടില്ല.

1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് 2023-24 വാർഷിക കണക്കുകളുടെ ഓഡിറ്റിന്റെ ഭാഗമായി ഉഴവൂർ ബ്ലോക്ക് പഞ്ചായത്തിൽ അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ 25.07.2024 തീയതിയിൽ 03.00 പി എം സമയത്ത് നടത്തുകയുണ്ടായി. അന്നേ ദിവസം ക്യാഷ് വരവുണ്ടായിരുന്നില്ല.

1-9 ആഭ്യന്തരനിയന്ത്രണസംവിധാനം.

ബ്ലോക്ക് പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനത്തിന്റെ പൊതുവായ വിലയിരുത്തൽ ചുവടെ ചേർക്കുന്നു.

ബ്ലോക്ക് പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണ്. വിവിധ ഓഫീസ് ഉത്തരവുകളിലൂടെ ഓഫീസ് പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ജീവനക്കാർ സ്ഥലം മാറിപ്പോവുന്ന സന്ദർഭങ്ങളിൽ ഓഫീസ് ഓർഡർ പ്രകാരം ചുമതലാ കൈമാറ്റം നടത്തുന്നുണ്ട്. പ്രോജക്ടുകളുടെ നിർവ്വഹണഘട്ടത്തിൽ വർക്കിംഗ് ഗ്രൂപ്പുകൾ മേൽനിരീക്ഷണം നടത്തുന്നതിലും പൂർത്തീകരണത്തിനുശേഷം വിലയിരുത്തുന്നതിനും മോണിറ്ററിംഗ് സമിതികളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമവും ഫലപ്രദവുമാകേണ്ടതുണ്ട്.

1) <u>അക്കൗണ്ടിംഗ് സംവിധാനം</u>

സാംഖ്യാ സോഫ്റ്റ് വെയർ അടിസ്ഥാനത്തിലുള്ള അക്കൗണ്ടിംഗ് രീതിയാണ് നിലവിലുള്ളത്. അക്കൗണ്ടിംഗിലെ അപാകതകൾ ഖണ്ഡിക 1-1 ൽ പരാമർശിച്ചിട്ടുണ്ട്.

2) <u>ക്യാഷ്, ബാങ്ക് നിയന്ത്രണം</u>

പ്രതിമാസ, വർഷാന്ത്യ റിക്കൺസീലിയേഷനുകൾ നടത്തി സൂക്ഷിച്ചിട്ടുണ്ട് .

3) <u>നികുതിയേതര വരവുകളുടെ നിയന്ത്രണ സംവിധാനം</u> .

വാടക കുടിശ്ശികയിനത്തിൽ കിട്ടാനുള്ള തുകകളുടെ കൃത്യത ഡി.സി.ബി നിർണ്ണയിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല. കുടശ്ശികയിനത്തിൽ കിട്ടാനുള്ള തുക വസൂലാക്കാനുള്ള റെവന്യൂ റിക്കവറി നടപടികൾ ആരംഭ ഘട്ടത്തിലാണ്. കെ.എം മാണി തണൽ വിശ്രമകേന്ദ്രം നിർമ്മാണവുമായി ബന്ധപ്പെട്ട് വലിയ തോതിൽ മണ്ണ് നീക്കം ചെയ്യേണ്ടി വന്നതിനാൽ ടി ഇനത്തിൽ തൻവർഷം തുക ലഭ്യമായി. വാടക കുടിശ്ശികയിനത്തിൽ കിട്ടാനുള്ള തുകയുടെ ചെറിയ ഭാഗം കുടിശ്ശിക വരുത്തിയ വ്യക്തിയുടെ ക്യാന്റീൻ ഉപകരണങ്ങൾ ലേലം ചെയ്ത് വസൂലാക്കി.

4) <u>പേ റോൾ നിയന്ത്രണം</u>

ജീവനക്കാരെ സംബന്ധിക്കുന്ന എല്ലാ രേഖകളും കൃത്യമായി സൂക്ഷിച്ചു വരുന്നു, പേ റോൾ നിയന്ത്രണം നിലവിലുണ്ട്.

5) <u>ആസ്തി നിയന്ത്രണം ഫലപ്രദമല്ല</u>

ആസ്തിയുടെ വിൽപ്പനയും വാങ്ങലുകളും ആസ്തികളുടെ മൂല്യ വർദ്ധനവ്/ശോഷണം തുടങ്ങിയ വിവരങ്ങൾ യഥാസമയം രേഖപ്പെടുത്തി ആസ്തി രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കിയിട്ടില്ല. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. 15.6.23 ലെ 7 (10) നമ്പർ തീരുമാനപ്രകാരം അസറ്റ് മാനേജ്മെന്റ് ആന്റ് മോണിട്ടറിംഗ് കമ്മറ്റി രൂപീകരിക്കാൻ തീരുമാനിച്ചെങ്കിലും ഫലപ്രദമായിട്ടില്ല.

<u>6) വിവിധ നിർവ്വഹണോദ്യോഗസ്ഥരുടെ പ്രവർത്തനങ്ങൾ.</u>

വ്യവസായ വികസന ഓഫീസർ തൻവർഷം പ്രോജക്ടുകളൊന്നും നടപ്പാക്കിയില്ല. പദ്ധതി നിർവ്വഹണത്തിൽ എല്ലാ നിർവ്വഹണോദ്യോഗസ്ഥരുടെയും സേവനം പ്രയോജനപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്.

<u>7) ഓഡിറ്റ് റിപ്പോർട്ടിൻമേലുള്ള ബ്ളോക്ക് പഞ്ചായത്ത് തീരുമാനം</u>

1997--ലെ കേരള പഞ്ചായത്ത് രാജ് (പരിശോധന രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 15(2)- പ്രകാരം ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിൻമേൽ സ്ഥാപനം എടുത്ത തീരുമാനങ്ങളുടെയും പകർപ്പ് നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തേണ്ടതാണ്.

<u>8) മരാമത്ത് പ്രവൃത്തികൾ.</u>

ഡിവിഷൻ അടിസ്ഥാനത്തിൽ ഫണ്ട് വിഭജിക്കുന്നതിനാൽ പ്രവൃത്തികളുടെ നിർവ്വഹണത്തിലൂടെ പൂർണ്ണമായ ലക്ഷ്യം കൈവരിക്കാൻ സാധിക്കാതെ വരുന്നതും മിക്ക പ്രോജക്ടുകളും സ്പിൽ ഓവർ ആകേണ്ടി വരുന്നതും ന്യൂനതയാണ്.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം.

ഓഡിറ്റ്	അവസാനം ഓഡിറ്റ് നടത്തിയ തീയതി	ഓഡിറ്റ് കാലയളവ്	റിപ്പോർട്ട് ലഭിച്ച തീയതി
പെർഫോമൻസ് ഓഡിറ്റ്	4.12.23മുതൽ 12.12.23 വരെ	01.04.2022 മുതൽ 31.03.2023 വരെ	DPAW/KTM /2024/26.2.24
അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ്	1.7.19 മുതൽ 8.7.19 വരെ	2014-15 മുതൽ 2018-19 വരെ	No.LBA(HQ)11/1 /8A-34 /2019-20/275/ 05.08.2019

1-11 വാടക തുക പൂർണ്ണമായും ഈടാക്കിയിട്ടില്ല

തൻവർഷത്തെ വാടകകളക്ഷൻ, രജിസ്റ്റർ സൂക്ഷിപ്പ് എന്നിവ സംബന്ധിച്ചുള്ള അപാകതകൾ ചുവടെ ചേർക്കുന്നു.

1)ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ വാടകയ്ക്ക് നൽകുന്ന മുറികളിൽ ചുവടെ ചേർക്കുന്ന വാടകക്കാരിൽ നിന്നും 23-24 സാമ്പത്തിക വർഷം വാടക ഈടാക്കാൻ അവശേഷിയ്ക്കുന്നു.

ക്രമ നം.	സ്ഥാപനം	കുടിശ്ശിക
1	HADA Building No.2, Horticorp	5683x3=17049
2	Post Office Kozha	168x2=336
	ആകെ	17385/- രൂപ

അപാകത ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 1/25.07.2024) ലഭ്യമാക്കിയ മറുപടിയിൽ വാടകക്കാർക്ക് കുടിശ്ശിക തുക അടവാക്കുന്നത് സംബന്ധിച്ച് കത്ത് നൽകിയിട്ടുണ്ട് എന്നറിയിച്ചു.

കുടിശ്ശികയായ വാടക പലിശ ഈടാക്കി രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

2)വാടക രജിസ്റ്ററിലെ ഡിസിബി തുകകൾ വാർഷിക ധനകാര്യപത്രികയിലെ കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല. കൃത്യമായ വിവരങ്ങൾ ചേർത്ത് വാടക രജിസ്റ്റർ തയ്യാറാക്കി സൂക്ഷിയ്ക്കേണ്ടതാണ്.

1-12 ക്യാന്റീൻ നടത്തിപ്പ് - വാടക കുടിശ്ശിക ഈടാക്കിയില്ല.റവന്യൂ റിക്കവറി നടപടികളിൽ പുരോഗതിയില്ല.

ഉഴവൂർ ബ്ലോക്ക് പഞ്ചായത്തിന്റെ അധീനതയിലുള്ള എസ്.ജി.എസ്.വൈ കെട്ടിടത്തിൽ ഒരു ക്യാന്റീൻ പ്രവർത്തിച്ചിരുന്നു. പ്രസ്തുത ക്യാന്റീൻ ഏറ്റെടുത്ത് നടത്തിയിരുന്ന ശ്രീമതി രഞ്ജുതോമസ്, കുന്നിൻപുറത്ത് ഭീമമായ വാടക കുടിശ്ശിക (264792/-) വരുത്തിയതുമായി ബന്ധപ്പെട്ട് ബഹു. ഹൈക്കോടതിയിൽ കേസ് (WP(C) 34273/19) നിലവിലുണ്ട്. ബഹു. ഹൈക്കോടതിയുടെ 30.9.22 ലെ ന്യായവിധിപ്രകാരം കുടിശ്ശികയായ തുക ഈടാക്കാൻ ക്യാന്റീനിലെ സാധനങ്ങൾ 53000/- രൂപയ്ക്ക് ലേലം ചെയ്ത് തൻവർഷം ബ്ലോക്ക് പഞ്ചായത്തിന്റെ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടി. ടി തുക കിഴിച്ച് നാളിതുവരെയുള്ള പലിശയും പിഴപ്പലിശയും വൈദ്യുതികുടിശ്ശികയുമുൾപ്പെടെ 226045/- രൂപ കുടിശ്ശികക്കാരിയിൽ നിന്നും ഈടാക്കാൻ

റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കാൻ ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതി തീരുമാനിച്ചു (23.5.24 ലെ 4(1) നമ്പർ തീരുമാനം).

തുടർ നടപടികൾ അറിയിക്കാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നമ്പർ 18/28.07.2024) നൽകുകയുണ്ടായി. നിലവിൽ റവന്യൂ റിക്കവറി നടപടികൾ ഓൺലൈനായാണ് ചെയ്യുന്നതെന്നും സൈറ്റിലെ സാങ്കേതികപ്രശ്നങ്ങൾ മൂലം കാലതാമസം ബാങ്ക് അക്കൗണ്ട് ഡീറ്റയിൽസ് ഇതുവരെ അംഗീകരിച്ച് കിട്ടിയിട്ടില്ല എന്നും മറുപടി ലഭ്യമാക്കി. യഥാസമയം ഫലപ്രദമായ നടപടികൾ സ്വീകരിക്കുന്നതിലെ അപര്യാപ്തത മൂലമാണ് ഇത്രയേറെ കുടിശ്ശിക വർദ്ധിച്ചതെന്നും നിയമനടപടികളിലേയ്ക്ക് പോകേണ്ടി വന്നതെന്നും ഓഡിറ്റ് വിലയിരുത്തുന്നു. ഇതിന് ശേഷവും സാങ്കേതിക കാരണങ്ങൾ ചൂണ്ടിക്കാട്ടി നടപടികൾ നീട്ടുന്നത് ഉചിതമല്ല. നടപടികളിലെ അപര്യാപ്തത മൂലമുള്ള നഷ്ടം ബന്ധപ്പട്ട ഉദ്യോഗസ്ഥരുടെ ബാധ്യതയായി നിർണ്ണയിക്കപ്പെടുന്ന സാഹചര്യം ഒഴിവാക്കാൻ റെവന്യൂ റിക്കവറി നടപടികൾ ത്വരിതപ്പെടുത്തി തുക ഈടാക്കിയശേഷം ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്.

1-13 ഐ.എ.വൈ ഭവനപദ്ധതിയുടെ ഭാഗമായുള്ള അധിക വിഭവ സമാഹരണത്തിനുള്ള വായ്പ-തിരിച്ചടവിലെ വീഴ്ച്ച മൂലം വൻബാധ്യത.

പ്രധാന നിരീക്ഷണങ്ങൾ

 # ഐ എ വൈ ഭവനനിർമ്മാണ പദ്ധതിക്കുള്ള അധികവിഭവ സമാഹരണം എന്ന നിലയിൽ സഹകരണ ബാങ്കിൽ നിന്നും 1.26 കോടി രൂപ ലോൺ എടുത്തത് 2013-14 വർഷം.

#വായ്പ തുകയുടെ മുതൽ ഇനത്തിലുള്ള തുക തുല്യഗഡുക്കളായി തിരികെ ഒടുക്കുന്നതിൽ തുടർവർഷങ്ങളിൽ ഗുരുതരമായ വീഴ്ച്ച വരുത്തി.

 # വായ്പാ ബാധ്യത ക്രമാതീതമായി ഉയർന്നിട്ടും യഥാസമയം പരിഹാരനടപടികൾ സ്വീകരിച്ചില്ല.

#പലിശ ഇനത്തിലുള്ള തുക സർക്കാരിൽ നിന്നും നേടിയെടുക്കുന്നതിനോ വികസന ഫണ്ടിൽ നിന്നും ചെലവഴിക്കുന്നതിന് പ്രത്യേകാനുമതി തേടുന്നതിനോ നടപടികൾ സ്വീകരിച്ചില്ല.

#വൻബാധ്യത വർദ്ധിച്ച് വരുമ്പോഴും വിവിധ വർഷങ്ങളിൽ ഗണ്യമായ തുക വികസന ഫണ്ടിനത്തിൽ ലാപ്സായി.

#വായ്പ ഇനത്തിലുള്ള നിശ്ചയമായ ബാധ്യത തീർക്കാൻ നടപടികൾ സ്വീകരിക്കാത്തത് മൂലം അധികച്ചെലവിന് ഇടവരുംവിധം കോടതി വ്യവഹാരത്തിൽ കക്ഷി ചേർക്കപ്പെട്ടു.

#നിലവിലെ ബാധ്യത തീർക്കാൻ വികസന ഫണ്ട് വിനിയോഗിക്കാൻ സർക്കാർ അനുമതി ലഭിച്ചാൽ പോലും സേവന മേഖലയിൽ ചെലവഴിക്കാൻ കഴിയുമായിരുന്ന ഭീമമായ തുക നഷ്ടമാവുന്ന സ്ഥിതി വിശേഷം.

ഓഡിറ്റ് നിരീക്ഷണം വിശദമായി ചുവടെ ചേർക്കുന്നു.

ഐ.എ.വൈ ഭവനപദ്ധതിയ്ക്കായി ഉഴവൂർ ബ്ലോക്ക് പഞ്ചായത്ത് മരങ്ങാട്ടുപിള്ളി സർവ്വീസ് സഹകരണ ബാങ്കിൽ നിന്നും 30.04.2013 ലെ കരാറിന്റെ അടിസ്ഥാനത്തിൽ 1,26,00000/- രൂപ ലോൺ എടുത്തിരുന്നു. 09.10.2013 ലെ സർക്കാർ ഉത്തരവ് നമ്പർ GO (MS)332/13/LSGD പ്രകാരം ടി വായ്പയുടെ മുതൽ പത്ത് തുല്യ ഗഡുക്കളായി പത്ത് വർഷം കൊണ്ട് അടച്ചു തീർക്കണമെന്നും , പലിശ സർക്കാർ നേരിട്ട് നൽകുമെന്നും വ്യക്തമാക്കിയിട്ടുണ്ട്. തുക തിരികെ അടയ്ക്കാതിരുന്നതിനാൽ സഹകരണ ബാങ്ക് ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്യുകയും (WP(C) 30703/2016) കേസ് നിലവിൽ നടന്നുവരികയുമാണ്. ബ്ലോക്ക് പഞ്ചായത്ത് 2019-20 വർഷം 2044947 രൂപ മുതൽ ഇനത്തിൽ അടവാക്കിയിരുന്നു. പലിശ തുക സർക്കാരിൽ നിന്ന്

അടവാക്കിയിട്ടില്ല. . 31/03/23ൽ, മുതൽ ഇനത്തിൽ 10555053 രൂപയും പലിശ ഇനത്തിൽ 13363388 രൂപയും തിരിച്ചടയ്ക്കുവാൻ അവശേഷിക്കുന്നുണ്ടായിരുന്നു. തൻവർഷം തുക അടവാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങളും നിലവിലെ മുതൽ പലിശ ഇനത്തിൽ ഉള്ള ബാലൻസ് തുകയുടെ വിശദാംശങ്ങളും പാസ്സ് ബുക്ക് ഉൾപ്പെടെ പരിശോധനക്ക് ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.2/25.07.2024) മറുപടിയായി 2023-24 വർഷം ഐ.എ.വൈ വായ്പ തിരിച്ചടവിനായി പ്രോജക്ട് ആവിഷ്കരിക്കുകയും (പ്രോജക്ട് നം.14/24) 15.05.2023 (10,00,000/) 30.03.2024 (3,84,248/-) എന്നീ തീയ്യതികളിലായി ആകെ 13,84,248/-രൂപ മുതൽ ഇനത്തിൽ തൻവർഷം അടവാക്കുകയും ചെയ്തിട്ടുണ്ട് എന്ന് വ്യക്തമാക്കി.ടി തുക വരവ് വെച്ചതിന് ശേഷം 06.06.2024 വരെയുള്ള ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം മുതൽ ഇനത്തിൽ 91,70,805/- രൂപയും പലിശ ഇനത്തിൽ 1,44,056,222/- രൂപയുമാണ് അടവാക്കുവാൻ അവശേഷിക്കുന്നത്. ലോൺ ഒഴിവാക്കി മറ്റ് രീതിയിൽ ഫണ്ട് കണ്ടെത്തിയിരുന്നുവെങ്കിൽ ഇത്രയേറെ തുകയുടെ അനാവശ്യ ബാധ്യത ഒഴിവാക്കാൻ കഴിയുമായിരുന്നുവെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ശരിയായ പഠനം കൂടാതെ പദ്ധതി ആവിഷ്കരിച്ച അധികൃതരും യഥാസമയം നടപടികൾ സ്വീകരിക്കുന്നതിൽ വീഴ്ച്ച വരുത്തിയ അധികൃതരും അനാവശ്യ ബാധ്യത മൂലമുള്ള നഷ്ടത്തിന് ഉത്തരവാദികളാണ്. ഉചിതമായ നടപടികൾ സ്വീകരിക്കുന്നതിലുണ്ടായ വീഴ്ച്ച മുൻ ഓഡിറ്റ് റിപ്പോർട്ടുകളിലും ചൂണ്ടിക്കാണിച്ചിരുന്നതാണ് . തുടർബാധ്യത അനിശ്ചിതമായി വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ ലോൺ ഇനത്തിലുള്ള ബാധ്യത അടിയന്തിരമായി അടച്ചു തീർക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും പലിശ തുക അടവാക്കുന്നത് സംബന്ധിച്ച് സർക്കാരിൽ നിന്നും വ്യക്തത വരുത്താനാവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്. കൂടാതെ മേൽ പരാമർശിച്ചിട്ടുള്ള പ്രധാന നിരീക്ഷണങ്ങൾ പരിഗണിച്ച് വിശദമായ ന്യൂനതാ പരിഹാര റിപ്പോർട്ടും മറുപടിയും ലഭ്യമാക്കേണ്ടതുമാണ്.

1-14 വനിതകൾക്ക് ഫിറ്റ്നെസ്സ് സെന്റർ- ബോധവൽക്കരണത്തിന്റെ അഭാവം മൂലവും ഉപകരണങ്ങൾ ഉപയോഗ്യമാക്കാത്തതിനാലും ഭൗതിക ലക്ഷ്യം കൈവരിച്ചില്ല.

2023-24 സാമ്പത്തിക വർഷം സി.ഡി.പി.ഒ നിർവ്വഹണ ഉദ്യോഗസ്ഥയായി ഉഴവൂർ ബ്ലോക്കിലെ വിവിധ പഞ്ചായത്തുകളിൽ വനിതാ ഫിറ്റ്നെസ് സെന്ററുകൾ സ്ഥാപിയ്ക്കുന്നതിന്റെ ഭാഗമായി വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്തി ചുവടെ ചേർക്കും പ്രകാരം പ്രോജക്ടുകൾ രൂപീകരിച്ചു നടപ്പാക്കിയിട്ടുണ്ട്. വനിതകൾക്ക് പ്രത്യക്ഷത്തിൽ ഭൗതിക നേട്ടം പ്രദാനം ചെയ്യുന്ന പ്രോജക്ടുകൾ ആണ് വനിതാ ഘടക പദ്ധതിയിലൂടെ ഏറ്റെടുക്കേണ്ടത്. എന്നാൽ ചുവടെ പരാമർശിച്ചിട്ടുള്ള അപാകതകൾ നിലനിൽക്കുന്ന സാഹചര്യത്തിൽ ആകെ 1742800/- ചെലവഴിച്ച പ്രസ്തുത പ്രോജക്ടിലൂടെ ലക്ഷ്യമിട്ട ഭൗതീക ലക്ഷ്യം നാളിതുവരെ പൂർണ്ണമായി കൈവരിക്കാൻ സാധിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	പ്രോജക്ട് നം പ്രോജക്ടിന്റെ പേര്	അടങ്കൽ/ ഫണ്ടിനം	ചെലവഴിച്ച തുക/ബിൽ നം.തീയ്യതി	ഇൻവോയിസ് നം. തീയ്യതി/വാങ്ങിയ ഉപകരണങ്ങൾ	അഭിപ്രായം
1	209/23-24 കുറവിലങ്ങാട് ഡിവിഷൻ 126-ാം നമ്പർ അംഗൻവാടി കെട്ടിടത്തിൽ പ്രവർത്തിക്കുന്ന വനിതാ ഫിറ്റ്നെസ് സെന്ററിൽ ഉപകരണങ്ങൾ വാങ്ങൽ	94800/-(വികസന ഫണ്ട് ജനറൽ)	94800/ 300/19.12.23	Vigil Equipment&Clothing ,Kannur ഇൻവോയിസ് നം.195/08.11.2023 1)Elliptical Cross Trainer -1Nos 2)Twister Single With Stand-1Nos 3)Dumbells -13 4)Floor Mat	ഓഡിറ്റിൽ ഭൗതിക പരിശോധന നടത്തിയതിൽ ഉപകരണങ്ങൾ ഉപയോഗിയ്ക്കുന്നതായി കാണുന്നില്ല.
2	241/23-24	98000/-(വികസന	98000/	Reliable Traders	ഓഡിറ്റിൽഭൗതിക

	കുറവിലങ്ങാട് ഗ്രാമപഞ്ചായത്തിലെ 129-ാം നമ്പർ അംഗൻവാടിയോട് ചേർന്ന് ഓപ്പൺ ജിം സ്ഥാപിക്കൽ	ഫണ്ട് ജനറൽ)	330/08.01.24	(Regd),Thrissur ഇൻവോയിസ് നം.2338/06.01.2024 1)Twister Single Outdoor-1Nos 2)Bicycle Outdoor-1Nos 3)Spinner Outdoor-1Nos	പരിശോധന നടത്തിയിട്ടില്ല.ഉപകരണങ്ങൾ ഉപയോഗിയ്ക്കുന്നതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല.
3	253/23-24 കടപ്ലാമറ്റം ഗ്രാമപഞ്ചായത്തിലെ വനിത ഫിറ്റ്നെസ് സെന്ററിൽ അധിക ഉപകരണങ്ങൾ വാങ്ങൽ	100000/-(വികസന ഫണ്ട് ജനറൽ)	98000/ 541/24.03.24	Vigil Equipment&Clothing ,Kannur ഇൻവോയിസ് നം.332/16.03.2024 1)Elliptical Cross Trainer -1Nos 2)Gym Ball -1Nos 3)Twister Single With Stand-1Nos 4)Floor Mat	ഓഡിറ്റിൽഭൗതിക പരിശോധന നടത്തിയിട്ടില്ല.ഉപകരണങ്ങൾ ഉപയോഗിയ്ക്കുന്നതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല.
4	255/23-24 കാണക്കാരി ഗ്രാമപഞ്ചായത്തിലെ ചിറക്കുളം പാർക്കിൽ വനിത ഫിറ്റ്നെസ് സെന്റർ സ്ഥാപിക്കൽ	200000/-(വികസന ഫണ്ട് ജനറൽ)	199000/- 555/24.03.24	PHYSIOHEALTH, Kottayam ഇൻവോയിസ് നം.B2CSL 056/20.03-2024 1) Cross Trainer Outdoor-1Nos 2)Double Twister Outdoor-1 Nos 3)Rower Outdoor -1 Nos 4) Cycle Outdoor -2 Nos	ഓഡിറ്റിൽ ഭൗതിക പരിശോധന നടത്തിയതിൽ ഉപകരണങ്ങൾ ഉപയോഗിയ്ക്കുന്നതായി കാണുന്നില്ല.
5	254/23-24 ഉഴവൂർ ഡിവിഷനിൽ വനിതാ ഫിറ്റ്നെസ് സെന്റർ സ്ഥാപിക്കൽ	200000/-(വികസന ഫണ്ട് ജനറൽ)	200000/ 540/24.03.24	Vigil Equipment&Clothing ,Kannur ഇൻവോയിസ് നം.330/16.03.2024 1)Twister Single With Stand-1Nos 2) Tread Mill Manual Indoor-1Nos 3)Static Cycle Indoor -2Nos 4)Pedestal Fan -2Nos 5)Elliptical Cross Trainer -1Nos 6)Abdominal Trainer -1Nos 7)Weight Machine -1Nos	ഓഡിറ്റിൽ ഭൗതിക പരിശോധന നടത്തിയതിൽ ഉപകരണങ്ങൾ ഉപയോഗിയ്ക്കുന്നതായി കാണുന്നില്ല.

				8)Music System -1Nos 9) Board 3XFeet -1Nos 10)Mirror -1Nos	
6	74/23-24 മരങ്ങാട്ടുപിള്ളി ഗ്രാമപഞ്ചായത്തിൽ ഫാമിലി ഹെൽത്ത് സെന്റർ കെട്ടിടത്തിൽ വനിതാ ഫിറ്റ്നെസ് സെന്റർ സ്ഥാപിക്കൽ	250000/-(വികസന ഫണ്ട് ജനറൽ)	246650/- 536/24.03.24 (95000) 537/24.03.24 (55400) 538/24.03.24(96250)	PHYSIOHEALTH, Kottayam **ഇൻവോയിസ് നം.B2CSL 050/10.02-2024 (Rs.95000/-**) 1) Play Cycle Outdoor -1Nos 2)Play Walker Outdoor -1Nos **ഇൻവോയിസ് നം.B2CSL 051/10.02-2024 (Rs.55400/-)** 1) Name Board -1Nos 2)3.5mm Mirror-SGS -3Nos 3) Philps 2.1 MMS6080B- 1N0s 4)Mechanical Weighing Scale-1Nos 5) GYM Mat **3)ഇൻവോയിസ് നം.B2CSL 049/10.02-2024 (Rs96250**) 1)UP Right Bike 262-I Nos 2)Roller Manual Tread Mill-1 Nos 3)Double Twister -1 Nos (Sitting &Standing Dual) 4)Abking Regular-1Nos 5)Hex Rubber Dumbell 3 Kg-2 Nos 6)Hex Rubber Dumbell 4 Kg-2 Nos	മാതൃകപരമായി പ്രവർത്തിക്കുന്നു.
7	51/23-24 ഉഴവൂർ ഗ്രാമപഞ്ചായത്തിൽ മോനിപ്പള്ളി ടേക്ക് എ ബ്രേക്ക് കെട്ടിടത്തിൽ വനിതാ ഫിറ്റ്നെസ്	250000/-(വികസന ഫണ്ട് ജനറൽ)	249300/- 234/07.11.23	Vigil Equipment&Clothing ,Kannur ഇൻവോയിസ് നം.189/03.11.2023 1)Twister Single Outdoor-1Nos	ഓഡിറ്റിൽ ഭൗതിക പരിശോധന നടത്തിയതിൽ ഉപകരണങ്ങൾ ഉപയോഗിയ്ക്കുന്നതായി കാണുന്നില്ല. ഓപ്പൺ ജിം ആയതിനാൽ സ്ഥാപിച്ചിട്ടുള്ള

	സെന്റർ സ്ഥാപിക്കൽ			2)Rower Outdoor -1Nos 3) Spinner Outdoor -1Nos 4)Bicycle Outdoor -1Nos 5) Sky Walker Outdoor -1Nos	ഉപകരണങ്ങളുടെ സൂക്ഷിപ്പും പരിപാലനവും കൂടുതൽ സുരക്ഷിതാമാകേണ്ടതുണ്ട്.
8	210/23-24 കുറുമള്ളൂർ ഡിവിഷൻ 109 ാം നമ്പർ അംഗൻവാടി കെട്ടിടത്തിൽ വനിതാ ഫിറ്റ്നെസ് സെന്റർ സ്ഥാപിക്കൽ	250000/-(വികസന ഫണ്ട് ജനറൽ)	249640/- 539/24.03.24	PHYSIOHEALTH, Kottayam **ഇൻവോയിസ് നം.B2CSL 054/18.03-2024 (Rs.249640/-)** 1)Twister With Handle- 2 Nos 2)Roller Jogger -1 Nos 3)Semi Commercial Upright Bike 670-2 Nos 4)Shoulder Press F/WDIX-1 Nos 5)Hex Rubber Dumbell 1 Kg-2 Nos 6)Mechanical Weighing Scale-1Nos 7)Sony 4.1NMS SAD40(Music System)-1 Nos 8)Yoga Mat-2 Nos 9)Dumbells 2 Kg-2 Nos 10)Hex Rubber Dumbell 3 Kg-2 Nos 11)Pedastal Fan- 2 Nos 12) Elliptical Bike 529-1 Nos 13) 3MM Mirror 1.838x1.22- 1Nos	ഓഡിറ്റിൽ ഭൗതിക പരിശോധന നടത്തിയതിൽ ഉപകരണങ്ങൾ ഉപയോഗിയ്ക്കുന്നതായി കാണുന്നില്ല.
9	252/23-24 കുറവിലങ്ങാട് ഗ്രാമപഞ്ചായത്തിലെ 122 ാം നമ്പർ നേതാജി അംഗൻവാടിയോട് അനുബന്ധിച്ച് വനിതാ ഫിറ്റ്നെസ് സെന്റർ സ്ഥാപിക്കൽ	300000/-(വികസന ഫണ്ട് ജനറൽ)	300000/ 542/24.03.24	Vigil Equipment&Clothing ,Kannur ഇൻവോയിസ് നം.331/16.03.2024 1) Twister Single With Stand -1 N0s 2)Tread Mill Manual Indoor-1 N0s 3)Static Cycle Indoor-2 N0s 4)Shou;lder Press Indoor-1 N0s	ഓഡിറ്റിൽ ഭൗതിക പരിശോധന നടത്തിയതിൽ ഉപകരണങ്ങൾ ഉപയോഗിയ്ക്കുന്നതായി കാണുന്നില്ല.

				5)Elliptical Cross Trainer-1 N0s 6)Abdominal Trainer-1 N0s 7)Weight Machine-1 N0s 8)Pedestal Fan-2 N0s 9)Mirror-1 N0s 10)Music System-1 N0s	
	ആകെ		1735390/-		

പ്രോജക്ട് ഫയലുകൾ പരിശോധിച്ചതിലും 27.09.2024-ൽ നടത്തിയ ഏതാനും കേന്ദ്രങ്ങളിൽ നടത്തിയ ഭൗതിക പരിശോധനയിലും ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു. (പ്രോജകട് നം.241/23-24 -കുറവിലങ്ങാട് ഗ്രാമപഞ്ചായത്തിലെ 129-ാം നമ്പർ അംഗൻവാടിയോട് ചേർന്ന് ഓപ്പൺ ജിം സ്ഥാപിക്കൽ, 253/23-24 - കടപ്ലാമറ്റം ഗ്രാമപഞ്ചായത്തിലെ വനിത ഫിറ്റ്നെസ് സെന്റർ എന്നിവിടങ്ങളിൽ ഒഴികെയാണ് ഭൗതിക പരിശോധന നടത്തിയത്)

1) ഉപകരണങ്ങൾ ഗ്രാമപഞ്ചായത്തുകൾക്ക് വാങ്ങി നൽകി എന്നല്ലാതെ തുടർപ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ-ഫിറ്റ് നെസ് സെന്ററുകളുടെ തുടർ നടത്തിപ്പ്, ഉപകരണങ്ങളുടെ സൂക്ഷിപ്പ്, എന്നിവ സംബന്ധിച്ച മാർഗ്ഗരേഖ തയ്യാറാക്കി ഉത്തരവാദിത്വം നിർണ്ണയിച്ചതിന്റെ വിവരങ്ങൾ പ്രോജക്ട് ഫയലുകളിൽ ലഭ്യമായില്ല.

2)വൻ തുക ചെലവഴിച്ചു വാങ്ങിയ ഉപകരണങ്ങൾ സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.

3) പ്രോജക്ട് നം,74/23-24 മരങ്ങാട്ടുപിള്ളി ഗ്രാമപഞ്ചായത്തിൽ ഫാമിലി ഹെൽത്ത് സെന്റർ കെട്ടിടത്തിലെ വനിതാ ഫിറ്റ്നെസ് സെന്റർ, പ്രോജക്ട് നം.209/23-24 കുറവിലങ്ങാട് ഡിവിഷൻ 126-ാം നമ്പർ (കാളിയാർ തോട്ടം) അംഗൻവാടി കെട്ടിടത്തിൽ പ്രവർത്തിക്കുന്ന വനിതാ ഫിറ്റ്നെസ് സെന്ററിൽ പ്രോജക്ട് നം.255/23-24 കാണക്കാരി ഗ്രാമപഞ്ചായത്തിലെ ചിറക്കുളം പാർക്കിൽ വനിത ഫിറ്റ്നെസ് സെന്റർ എന്നിവ നിലവിൽ പ്രവർത്തിക്കുന്നതായി ഭൌതിക പരിശോധനയിൽ ബോധ്യപ്പെട്ടു. എങ്കിലും പ്രോജക്ട് നം.209/23-24 കുറവിലങ്ങാട് ഡിവിഷൻ 126-ാം നമ്പർ കാളിയാർ തോട്ടം അംഗൻവാടി കെട്ടിടത്തിൽ പ്രവർത്തിക്കുന്ന വനിതാ ഫിറ്റ്നെസ് സെന്ററിൽ പ്രോജക്ട് നം.255/23-24 കാണക്കാരി ഗ്രാമപഞ്ചായത്തിലെ ചിറക്കുളം പാർക്കിൽ വനിത ഫിറ്റ്നെസ് സെന്റർ എന്നിവയുടെ പരിപാലനം സംബന്ധിച്ച കാര്യങ്ങളിൽ വ്യക്തതയില്ല. ഇതിൽ പ്രോജക്ട് നം,74/23-24 മരങ്ങാട്ടുപിള്ളി ഗ്രാമപഞ്ചായത്തിൽ ഫാമിലി ഹെൽത്ത് സെന്റർ കെട്ടിടത്തിലെ വനിതാ ഫിറ്റ്നെസ് സെന്റർ വളരെ മാതൃകപരമായി പ്രവർത്തിക്കുന്നു എന്ന് ബോധ്യപ്പെട്ടു. ഹെൽത്ത് സെന്റർ ഉപയോഗിക്കുന്നവരിൽ നിന്നും രജിസ്ട്രേഷൻ ഫീസിനത്തിൽ 250/- രൂപയും ഉപയോഗിക്കുന്ന ദിവസങ്ങളിൽ 10/-രൂപ വീതം വാങ്ങുകയും വാർഡ് മെമ്പറുടെ പേരിലുള്ള അക്കൗണ്ടിൽ തുക നിക്ഷേപിക്കുകയും ഫിറ്റ്നെസ് സെന്റർ പരിപാലിക്കുന്നതിനായി ഒരാളെ എൽപിച്ച് ആ വ്യക്തിക്ക് അക്കൗണ്ടിൽ നിന്ന് മാസം 3000/- രൂപ വീതം നൽകുകയും ചെയ്യുന്നു.

4) 253/23-24 കടപ്ലാമറ്റം ഗ്രാമപഞ്ചായത്തിലെ വനിത ഫിറ്റ്നെസ് സെന്ററിൽ അധിക ഉപകരണങ്ങൾ വാങ്ങൽ

ഭൗതിക പരിശോധന നടത്തിയിട്ടില്ല. നിലവിലെ സ്ഥിതി വ്യക്തമല്ല. ഉപകരണങ്ങളുടെ സൂക്ഷിപ്പിന്റെയും പ്രവർത്തനത്തിന്റെയും വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

5) 241/23-24 കുറവിലങ്ങാട് ഗ്രാമപഞ്ചായത്തിലെ 129-ാം നമ്പർ അംഗൻവാടിയോട് ചേർന്ന് ഓപ്പൺ ജിം സ്ഥാപിക്കൽ- ഭൗതിക പരിശോധന നടത്തിയിട്ടില്ല. നിലവിലെ സ്ഥിതി വ്യക്തമല്ല. ഉപകരണങ്ങളുടെ

സൂക്ഷിപ്പിന്റെയും പ്രവർത്തനത്തിന്റെയും വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

6) 254/23-24 ഉഴവൂർ ഡിവിഷനിൽ വനിതാ ഫിറ്റ്നെസ് സെന്റർ സ്ഥാപിക്കൽ-

ഉപകരണങ്ങൾ ഉഴവൂർ ഗ്രാമപഞ്ചായത്തിലെ നെടുമ്പാറയിലെ പഴയ അംഗൻവാടി കെട്ടിടത്തിൽ ഉപയോഗിക്കാതെ സൂക്ഷിച്ചിരിക്കുന്നു.

7) 51/23-24 ഉഴവൂർ ഗ്രാമപഞ്ചായത്തിൽ മോനിപ്പള്ളി ടേക്ക് എ ബ്രേക്ക് കെട്ടിടത്തിൽ വനിതാ ഫിറ്റ്നെസ് സെന്റർ സ്ഥാപിക്കൽ-ടേക്ക് എ ബ്രേക്ക് കെട്ടിടത്തിന് സമീപം ഓപ്പൺ ജിം ആയാണ് സ്ഥാപിച്ചിരിക്കുന്നത്. ഓപ്പൺ ജിമ്മിന് മേൽക്കൂര ഇല്ലാത്തതിനാൽ ഉപകരണങ്ങൾ മഴയും വെയിലുമേറ്റ് തുരുമ്പ് പിടിച്ചിട്ടുണ്ട്. ചില ഉപകരണങ്ങൾ നശിച്ചു തുടങ്ങിയിട്ടുണ്ട്.

8)210/23-24 കുറുമള്ളൂർ ഡിവിഷൻ 109-ാം നമ്പർ അംഗൻവാടി കെട്ടിടത്തിൽ വനിതാ ഫിറ്റ്നെസ് സെന്റർ സ്ഥാപിക്കൽ -ഉപകരണങ്ങൾ അംഗൻവാടി കെട്ടിടത്തിന്റെ അടുക്കളയിലും മുകളിലുമായി ഉപയോഗിക്കാതെ ഇട്ടിരിക്കുന്നു.

9)252/23-24 കുറവിലങ്ങാട് ഗ്രാമപഞ്ചായത്തിലെ 122-ാം നമ്പർ നേതാജി അംഗൻവാടിയോട് അനുബന്ധിച്ച് വനിതാ ഫിറ്റ്നെസ് സെന്റർ സ്ഥാപിക്കൽ- വാങ്ങിയ ഉപകരണങ്ങൾ അംഗൻവാടി കെട്ടിടത്തിലല്ല ഗാന്ധിഗ്രാം റബ്ബർ ഉല്പാദക സംഘത്തിന്റെ കെട്ടിടത്തിൽ ഉപയോഗിക്കാതെ സൂക്ഷിച്ചിരിക്കുന്നു.

10) 2017 ലെ CGST/SGST Act ലെ സെക്ഷൻ 51 (1) പ്രകാരം ആകെ മൂല്യം (കരാർ തുക) 2.50 ലക്ഷം രൂപയിൽ അധികമായാൽ ഓരോ ശതമാനം വീതം CGST, SGST വിഹിതം സ്രോതസ്സിൽ കുറവ് ചെയ്യേണ്ടതാണ്.എന്നാൽ പ്രോജക്ട് 252/23-24 കുറവിലങ്ങാട് ഗ്രാമപഞ്ചായത്തിലെ 122-ാം നമ്പർ നേതാജി അംഗൻവാടിയോട് അനുബന്ധിച്ച് വനിതാ ഫിറ്റ്നെസ് സെന്റർ സ്ഥാപിക്കൽ എന്ന പദ്ധതി

പ്രകാരം വിജിൽ എക്വുപ്പ്മെന്റ് & ക്ലോത്തിംഗ്, കണ്ണൂർ എന്ന സ്ഥാപനത്തിന് (ഇൻവോയിസ് നം.331/16.03.2024) ബിൽ പ്രകാരം 300000/-രൂപ നൽകിയിട്ടുണ്ട് ,എന്നാൽ 2% റ്റി.ഡി.എസ് തുക 6000/- രൂപ ബില്ലിൽ കുറവു ചെയ്തിട്ടില്ല. (റ്റി.ഡി.എസ് ഡിഡക്ടർ എന്ന നിലയിൽ ഇക്കാര്യത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥ വീഴ്ച്ച വരുത്തി.)

2% റ്റി.ഡി.എസ് തുക 6000/ബന്ധപ്പെട്ട സ്ഥാപനത്തിൽ നിന്നോ നിർവ്വഹണ ഉദ്യോഗസ്ഥയായ സി.ഡി.പി.ഒ-യിൽ നിന്നോ ഈടാക്കി ഉചിതമായ ശീർഷകത്തിൽ ഒടുക്കി വിവരം രേഖാമൂലം അറിയിക്കേണ്ടതാണ്.

മേൽ സൂചിത അപാകതകൾ ചൂണ്ടിക്കാണിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.19/30.07.24) മറുപടി ലഭ്യമാക്കിയില്ല. ഈ സാഹചര്യത്തിൽ മരങ്ങാട്ടുപിള്ളി ഗ്രാമപഞ്ചായത്തിൽ ഫാമിലി ഹെൽത്ത് സെന്റർ കെട്ടിടത്തിൽ വനിതാ ഫിറ്റ്നെസ് സെന്റർ പ്രോജക്ട് നം,74/23-24 ഒഴികെ മറ്റ് പ്രോജക്ടുകൾക്കായി ചെലവഴിച്ച 14,88,740/- രൂപ (1735390-246650) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. റ്റി.ഡി.എസ് ഇനത്തിൽ കുറവ് ചെയ്യാത്ത തുക 6000/- ഈടാക്കി നിശ്ചിത ശീർഷകത്തിൽ ഒടുക്കി അറിയിക്കേണ്ടതാണ്. മാതൃകാപരമായി പ്രവർത്തിക്കുന്ന ഫിറ്റ്നെസ് സെന്ററിന്റെ പ്രവർത്തനങ്ങൾ ഉൾക്കൊണ്ടും ആവശ്യമായ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തിയും ന്യൂനതകൾ പരിഹരിച്ച് പ്രോജക്ടുകളുടെ ഭൗതിക ലക്ഷ്യം പൂർണ്ണമായി കൈവരിക്കാൻ ഭരണസമിതി തലത്തിൽ അടിയന്തിരമായി തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്. ഉപകരണങ്ങൾ നശിച്ച് പോകാൻ ഇടവരാതെ പ്രയോജനപ്പെടുത്തി ആയതിന്റെ രേഖാമൂലമുള്ള വിശദാംശങ്ങൾ സഹിതമുള്ള റിപ്പോർട്ട് ലഭ്യമാക്കേണ്ടതുമാണ്.

1-15 കെ.എം മാണി തണൽ വിശ്രമ കേന്ദ്രം ഒന്നാം ഘട്ടം നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല

പ്രോജക്ട് നം.	161/23-24
നിർവ്വഹണോദ്യോഗസ്ഥൻ	ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി
അടങ്കൽ	1,00,00,000/-
ഫണ്ട്	ധനകാര്യ കമ്മീഷൻ ഗ്രാന്റ്-Tied
ചെലവ്	8,22,798/
ബിൽ നം./തുക	8,22,798/-(ബിൽ നം.632/30.03.2024)

ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കുറവിലങ്ങാട് പഞ്ചായത്ത് 4-ാം വാർഡിൽ കുറവിലങ്ങാട് വില്ലേജിലെ ബ്ലോക്ക് നം. 08 ലെ റീസർവ്വേ നം.383/12 ലെ 30.80 ആർ സ്ഥലത്ത് ബ്ലോക്ക് പഞ്ചായത്തിന്റെ അധീനതയിൽ എൽ.എസ്.ജി.ഡി ഓഫീസ് സമുച്ചയത്തിന് സമീപം എം.സി റോഡ് സൈഡിൽ ടേക്ക് എ ബ്രേക്ക് മാതൃകയിൽ വിപുലമായ രീതിയിൽ ശുചിത്വ കോംപ്ലക്സും കഫറ്റീരിയയും നിർമ്മിക്കുന്നതിനാണ് പദ്ധതിയിലൂടെ വിഭാവന ചെയ്തിട്ടുള്ളത്. ബ്ലോക്ക് പഞ്ചായത്തിന്റെയും ജില്ലാ പഞ്ചായത്തിന്റെയും ധനകാര്യ കമ്മീഷൻ ഗ്രാന്റ് വിനിയോഗിച്ച് അക്രഡിറ്റഡ് ഏജൻസി മുഖാന്തിരം നിർമ്മാണം പൂർത്തീകരിക്കാനാണ് പ്രോജക്ട് അനുമതി ലഭിച്ചിട്ടുള്ളത്. ഫയൽ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1) 27/12/2022 തീയ്യതിയിലെ ബി 2052/22 നം. ലിമിറ്റഡ് റീ ടെൻഡർ പ്രകാരം ടെൻഡർ സമർപ്പിച്ച അക്രഡിറ്റഡ് ഏജൻസികളിൽ നിന്നും ഏറ്റവും കുറഞ്ഞ സെന്റേജ് ചാർജ്ജ്(5%) കോട്ട് ചെയ്ത KEL(Kerala Electrical And Allied Engineering Limited) എന്ന സ്ഥാപനത്തിന്റെ ടെൻഡർ ബ്ലോക്ക് പഞ്ചായത്ത്

കമ്മറ്റിയുടെ 12/01/2023 തീയ്യതിയിലെ 3(1) നം.തീരുമാന പ്രകാരം അംഗീകരിച്ചു. ഇത് പ്രകാരം 15.03.2023 തീയ്യതിയിൽ KEL മായി കരാറിൽ എർപ്പെട്ടു .ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 04.07.2023 തീയ്യതിയിലെ ബി 2052/2022 നം.കത്ത് പ്രകാരം എന്നാൽ 15.03.2023 തീയ്യതിയിൽ ബ്ലോക്ക് പഞ്ചായത്തുമായി കരാറിൽ എർപ്പെട്ടിട്ടും നാളിതു വരെ സാങ്കേതികാനുമതിയോ,എസ്റ്റിമേറ്റോ, പദ്ധതിയുടെ ഡി.പി.ആറോ സമർപ്പിക്കാത്തതിനാൽ എഴു ദിവസത്തിനുള്ളിൽ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടു. KEL മാനേജിംഗ് ഡയറക്ടറുടെ 07/07/2023 തീയ്യതിയിലെ കത്ത് പ്രകാരം എസ്റ്റിമേറ്റ് സമർപ്പിച്ചു. കത്ത് പ്രകാരം സെന്റേജ് ചാർജ്ജിന്റെ 50% കരാറിൽ ഏർപ്പെട്ട് സാങ്കേതികാനുമതി നൽകിയതിനു ശേഷവും 25% തുക പ്രവൃത്തിയുടെ പകുതി പൂർത്തീയാക്കിയതിനു ശേഷവും ബാക്കി പണി പൂർത്തീകരണത്തിനു ശേഷവും നൽകണമെന്നാണ് പറഞ്ഞിട്ടുള്ളത്.സമർപ്പിച്ച എസ്റ്റിമേറ്റ് പ്രകാരമുള്ള ആകെ സെന്റേജ് ചാർജ്ജ് 403551.25 /- രൂപയാണ് .എന്നാൽ സെന്റേജ് ചാർജ്ജിനത്തിൽ തനത് ഫണ്ടിൽ നിന്ന് താഴെപ്പറയും പ്രകാരം തുക ഇതിനോടകം KEL -ന് നൽകിയിട്ടുണ്ട്.

പ്രോജക്ട് നം.പേര്	ഫണ്ടിനം	ചെക്ക് നം.തീയ്യതി	തുക
155/2324കെ.എം മാണി തണൽ വിശ്രമ കേന്ദ്രം സെന്റേജ് ചാർജ്ജ്	തനത് ഫണ്ട്	2110183/06.01.2024	190476
		21184/06.01.2024	192381
		ആകെ തുക	382857/-

സെന്റേജ് ചാർജ്ജിനത്തിൽ 90% അധികം തുക നിലവിൽ KEL -ന് നിലവിൽ നൽകിയതിന് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.5/27.07.24) മറുപടിയായി നിലവിൽ ഒന്നാംഘട്ട നിർമ്മാണം ആണ് നടക്കുന്നതെങ്കിലും ഒന്നും രണ്ടും ഘട്ടങ്ങളുടെ സെന്റേജ് ചാർജ്ജ് ഒരുമിച്ചാണ് നൽകിയത് എന്നാണ്പറഞ്ഞിട്ടുള്ളത്. സെന്റേജ് ചാർജ്ജിനത്തിൽ അധികം നൽകിയ തുക രണ്ടാ ഘട്ട നിർമ്മാണത്തിൽ ക്രമീകരിക്കേണ്ടതാണ്.

2) 30.09.2023 തീയ്യതിയിൽ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി, KEL -പ്രോജക്ട് മാനേജർ, കോൺട്രാക്ടർ എന്നിവർ കരാറിൽ എർപ്പെട്ടു. കെൽ എന്ന അക്രെഡിറ്റഡ് ഏജൻസി പി എം സി (പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടൻസി) ആയി കരാറിൽ ഏർപ്പെട്ടിട്ടുള്ളതിനാൽ ഏജൻസി തുടർന്ന് ഓപ്പൺ ടെണ്ടർ നടത്തിയതിന്റെയും ഇപ്രകാരമുള്ള ടെണ്ടറിൽ ക്വോട്ട് ചെയ്ത തുകയുടെ അടിസ്ഥാനത്തിലുള്ള കുറവിന്റെ പ്രയോജനം ആത്യന്തികമായി ബ്ലോക്ക് പഞ്ചായത്തിന് ലഭിച്ചതിന്റെയും വിവരങ്ങൾ ഫയലിൽ നിന്ന് ലഭ്യമാകേണ്ടതുണ്ട്. ഇപ്രകാരമുള്ള വിവരങ്ങൾ ഫയലിൽ നിന്ന് ക്രോഡീകരിച്ച് ലഭ്യമാക്കേണ്ടതാണ്. കരാർ പ്രകാരം പണി പൂർത്തിയാക്കേണ്ട കാലാവധി 12 മാസമാണ്. പ്രവൃത്തിയുടെ നിർവ്വഹണം നടക്കുന്നത് കുറവിലങ്ങാട് ഗ്രാമ പഞ്ചായത്തിന്റെ അതിർത്തിക്കുള്ളിലാണ്. കുറവിലങ്ങാട് ഗ്രാമപഞ്ചായത്തിൽ നിന്നുള്ള 30/09/2023 തീയ്യതിയിലെ SC1/3647/23 നം.സാക്ഷ്യപത്ര പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിച്ചാണോ നിർമ്മാണം ആരംഭിച്ചിട്ടുള്ളത് എന്ന് വ്യക്തമല്ല. സമർപ്പിച്ചിട്ടുള്ള പ്ലാൻ പ്രകാരം സ്ഥലത്തു നിന്നും 645.89 ച.മീ വിസ്തീർണ്ണത്തിൽ 655.18 ക്യൂ .മീ സാധാരണ മണ്ണ് ഖനനം ചെയ്ത് ഇതിൽ 155.50 ക്യൂ .മീ മണ്ണ് സ്ഥലത്ത് താഴ്ന്ന പ്രദേശത്ത് ഫില്ലിംഗ് നടത്തി ശേഷിക്കുന്ന 499.68 ക്യൂ .മീ മണ്ണ് സ്ഥലത്തിന് പുറത്തേക്ക് നീക്കം ചെയ്യണമെന്നും പ്ലോട്ട് അതിർത്തിയോട് ചേർന്ന് മണ്ണ് നീക്കം ചെയ്ത ഭാഗത്ത് സംരക്ഷണ ഭിത്തി നിർമ്മിക്കേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. മണ്ണ് നീക്കം ചെയ്തുങ്കിലും സംരക്ഷ സംരക്ഷണ ഭിത്തി നിലവിൽ നിർമ്മിച്ചിട്ടില്ല. സംരക്ഷണ ഭിത്തി നിർമ്മാണം 2024-25 വർഷം ഉൾപ്പെടുത്തി(പ്രോജക്ട് നം.49/2024-25) നിർമ്മിക്കാൻ തീരുമാനിച്ചിട്ടുണ്ട് എന്നറിയിച്ചിട്ടുണ്ട്. സംരക്ഷണ ഭിത്തി നിർമ്മാണം പൂർത്തിയാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

4) ബ്ലോക്ക് പഞ്ചായത്ത് കമ്മറ്റിയുടെ 31/01/2024 തീയ്യതിയിലെ 2(15) നം.തീരുമാനം പ്രകാരം, ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 14.02.2024 ലെ
ബി2525/202൩ നം.കത്ത് മുഖേന പ്ലോട്ടിലെ മണ്ണ് ബ്ലോക്ക് പഞ്ചായത്ത് നീക്കം ചെയ്യതിനു ശേഷം അംഗീകൃത ഡ്രോയിംഗ് പ്രകാരം നിർമ്മാണം നടത്തുന്നതിന് ഉതകുന്ന സാഹചര്യം ഇല്ലാത്തതിനാൽ പ്ലോട്ടിന്റെ ഉപയോഗ ലഭ്യതയ്ക്ക് അനുസൃതമായി ഡ്രോയിംഗിലും എസ്റ്റിമേറ്റിലും അടങ്കൽ തുകയിൽ വ്യത്യാസം വരുത്താതെ ഭേദഗതി വരുത്താൻ KEL നോട് ആവശ്യപ്പെട്ടിരുന്നു. ഡ്രോയിംഗിലും എസ്റ്റിമേറ്റിലും അടങ്കൽ തുകയിൽ വ്യത്യാസം വരുത്താതെ ഭേദഗതി വരുത്തി എന്നത് മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ടെങ്കിലും മാറ്റം വരുത്തിയ ഡ്രോയിംഗ്, എസ്റ്റിമേറ്റ് എന്നിവ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

5) പാർട്ട് ബില്ലിനത്തിൽ നിലവിൽ 8,22,798/-രൂപ (ബിൽ നം.632/30.03.2024) കോൺട്രാക്ടർക്ക് നൽകിയിട്ടുണ്ട് എങ്കിലും എം.ബുക്ക് പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. എം.ബുക്ക് വിശദാംശങ്ങൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

6) 30.09.2023 -ൽ കരാറിൽ എർപ്പെട്ടിട്ട് 12 മാസത്തിനുള്ളിൽ പണി പൂർത്തീകരിക്കേണ്ടിയിരുന്നതാണെങ്കിലും നാളിതുവരെയുള്ള നിർമ്മാണ പുരോഗതി വിവരങ്ങൾ കൃത്യമായി റിപ്പോർട്ട് ചെയ്തിട്ടില്ല.
7) പ്രസ്തുത പ്രോജക്റ്റിന്റെ വിഹിതം കൈമാറുന്നതിനായി ജില്ലാ പഞ്ചായത്ത് തൻവർഷം 20 ലക്ഷം രൂപ വകയിരുത്തിയിരുന്നുവെങ്കിലും തൻവർഷം ടി തുകയുടെ പ്രവൃത്തി ഏറ്റെടുക്കുന്നതിനോ വിഹിതം നേടിയെടുക്കുന്നതിനോ സാധിച്ചിട്ടില്ല.
8) സമഗ്രമായ ഒരു ബഹുവർഷപ്രോജക്റ്റ് എന്ന നിലയിലും ബ്ലോക്ക് പഞ്ചായത്ത് കോമ്പൗണ്ടിൽ എം സി റോഡിനോട് ചേർന്ന് നടത്തുന്ന വലിയ നിർമ്മാണ പ്രവർത്തനം എന്ന രീതിയിലും എല്ലാ രീതിയിലുമുള്ള നിർമ്മാണം കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായും സമയബന്ധിതമായും പൂർത്തിയാക്കുന്നതിനും അടിസ്ഥാന സൗകര്യങ്ങൾ പ്രയോജനപ്പെടുത്തുന്നതിനും ന്യായമായ യൂസർഫീ ഈടാക്കി ആസ്തികളുടെ തുടർപരിപാലനം ഉറപ്പാക്കുന്നതിനും ശരിയായ ദിശാബോധത്തോടെയുള്ള കർമ്മ പദ്ധതി അനിവാര്യമാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.
പ്രോജക്റ്റിന്റെ കരാർ കാലയളവിൽ തന്നെ നിർമ്മാണം പൂർത്തിയാക്കാൻ ശ്രദ്ധിക്കേണ്ടതും ക്രമനമ്പർ 1 മുതൽ 8 വരെ ചൂണ്ടിക്കാട്ടിയ വിഷയങ്ങൾ/വിലയിരുത്തലുകൾ പരിഗണിച്ച് ന്യൂനതാ പരിഹാര നടപടികൾ സ്വീകരിച്ച് വിശദമായ റിപ്പോർട്ട് ലഭ്യമാക്കേണ്ടതുമാണ്.

1-16 രാമപുരം ഗ്രാമ പഞ്ചായത്തിലെ എസ്.സി കോളനികളിൽ സോളാർ മിനി മാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കൽ -പൂർത്തീകരണ വിവരങ്ങൾ ലഭ്യമല്ല

പ്രോജക്റ്റ് നം.	249/23-24
നിർവ്വഹണോദ്യോഗസ്ഥൻ	ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി
അടങ്കൽ	874000/-
ചെലവ്	783356/-
ഫണ്ട്	എസ്.സി.പി
ബിൽ നം./തുക	501/18.03.2024 -7,83,356/-(769368+13988 ജി.എസ്.ടി)
ഇൻവോയിസ് നം	441/05.03.2024

ഉഴവൂർ ബ്ലോക്ക് പഞ്ചായത്ത് 2023-24 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി നിർവ്വഹിച്ച പ്രോജക്ട് പ്രകാരം രാമപുരം ഗ്രാമ പഞ്ചായത്തിലെ വിവിധ എസ്.സി കോളനികൾക്കായി (ഏഴാച്ചേരി എസ്.സി- കോളനി -2 എണ്ണം ,ചൂണ്ടമാക്കൽ എസ്.സി.കോളനി -1 എണ്ണം, ഇടക്കോലി അംബ്ദേക്കർ എസ്.സി കോളനി-1 എണ്ണം) സോളാർ മിനി മാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിനായി ടെൻഡർ വിളിക്കുകയും KEL (Kerala Eletrical & Allied Engineering Co.Ltd,) എന്ന സ്ഥാപനത്തിന്റെ ടെൻഡർ അംഗീകരിച്ച് 4 സോളാർ മിനി മാസ്റ്റ് ലൈറ്റുകൾ വാങ്ങുകയും ചെയ്തിട്ടുണ്ട്. പ്രോജക്ട് നിർവ്വഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1)ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റിയുടെ 12/03/2024 ലെ 3(5) തീരുമാന പ്രകാരം ബിൽ തുക 8,70,396/- ആണെങ്കിലും 4 എണ്ണം വിതരണം ചെയ്യുക മാത്രമാണ് ചെയ്തിട്ടുള്ളതിനാൽ അന്തിമ ബിൽ തുകയുടെ 90% മാത്രം (7,83,356/) KEL ന് നൽകുന്നതിനും ബാക്കി തുക മുഴുവൻ ലൈറ്റുകളും സ്ഥാപിച്ചതിനു ശേഷം മാത്രം നൽകുന്നതിനും തീരുമാനിച്ചു. മുഴുവൻ ലൈറ്റുകളും സ്ഥാപിച്ച് ബാലൻസ് തുക നൽകിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമായില്ല.

2) 2017 ലെ CGST/SGST Act ലെ സെക്ഷൻ 51 (1) പ്രകാരം ആകെ മൂല്യം (കരാർ തുക) 2.50 ലക്ഷം രൂപയിൽ അധികമായാൽ ഓരോ ശതമാനം വീതം CGST , SGST വിഹിതം സ്രോതസ്സിൽ കുറവ് ചെയ്യേണ്ടതാണ്. ഇപ്രകാരം ആകെ 2% തുകയായ 15543/-രൂപയ്ക്ക് പകരം 13988/-രൂപ മാത്രമേ ബില്ലിൽ കുറവു ചെയ്തിട്ടുള്ളു.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.4/25.07.2024) മറുപടിയായി ടി നാല് ലൈറ്റുകളും സ്ഥാപിച്ച് കമ്മീഷൻ ചെയ്തിട്ടുള്ളതാണെങ്കിലും ബന്ധപ്പെട്ട ഗ്രാമ പഞ്ചായത്തിൽ നിന്നും പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമായിട്ടില്ലാത്തതിനാലാണ് അന്തിമ ബിൽ തുക നൽകാത്തത് എന്ന് വ്യക്തതമാക്കിയിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിൽ നിന്നും പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കി ബാലൻസ് ബിൽ തുക KEL-ന് നൽകി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. റ്റി.ഡി.എസ് ഇനത്തിൽ ബില്ലിൽ കുറവു ചെയ്യാനുള്ള ബാലൻസ് തുക 1555/-രൂപ അന്തിമ ബിൽ തുകയിൽ നിന്ന് കുറവു ചെയ്ത് വിവരം രേഖാ മൂലം അറിയിക്കേണ്ടതാണ്. അപാകതകൾ പരിഹരിച്ച് വിവരം അറിയിക്കുന്നതിലേക്കായി 870396/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-17 ഉഴവൂർ കെ.ആർ.എൻ.എം .എസ് ആശുപത്രി,കുറവിലങ്ങാട് താലൂക്ക് ആശുപത്രി കുടുംബാരോഗ്യ കേന്ദ്രം രാമപുരം എന്നിവിടങ്ങൽ സോളാർ പാനൽ സ്ഥാപിക്കൽ പദ്ധതി ലക്ഷ്യം കൈവരിച്ചില്ല.

പ്രോജക്ട് നം.	202/23-24
നിർവ്വഹണോദ്യോഗസ്ഥൻ	ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി
അടങ്കൽ	30,00,000/-
ഫണ്ട്	മെയിന്റൻസ് ഗ്രാന്റ് റോഡിതരം
ചെലവ്	25,31,347/-
ബിൽ നം./തുക	ബിൽ നം.483/13.03.2024 -2531347/ (2486145 +45202 ജി.എസ്.ടി)

ഉഴവൂർ ബ്ലോക്ക് പഞ്ചായത്തിനു കീഴിലുള്ള ഉഴവൂർ കെ.ആർ.എൻ.എം .എസ് ആശുപത്രി,കുറവിലങ്ങാട് താലൂക്ക് ആശുപത്രി, കുടുംബാരോഗ്യ കേന്ദ്രം രാമപുരം എന്നിവിടങ്ങളിൽ സോളാർ പാനൽ സ്ഥാപിക്കുന്നതിനു വേണ്ടിയാണ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായ പ്രോജക്ട് നടപ്പാക്കിയിട്ടുള്ളത്.

ബ്ലോക്ക് പഞ്ചായത്ത് കമ്മറ്റിയുടെ 05/01/2024 തീയ്യതിയിലെ 3(3) നം.തീരുമാനം പ്രകാരം ഇലക്ട്രോ മെക്കാനിക്കൽ പ്രവൃത്തികളിൽ അക്രഡിറ്റേഷനുള്ള അനേർട്ട് എം പാനൽഡ് എജൻസികളിൽ നിന്നും ടെൻഡർ വിളിച്ച പ്രകാരം ടെൻഡർ സമർപ്പിച്ച കമ്പിനികളിൽ നിന്നും നിന്നും എറ്റവും കുറഞ്ഞ തുക ക്വോട്ട് ചെയ്ത KEL(Kerala Electrical And Allied Engineering Limited) എന്ന സ്ഥാപനത്തിന്റെ ടെൻഡർ ബ്ലോക്ക് പഞ്ചായത്ത് കമ്മറ്റിയുടെ 31/01/2024 തീയ്യതിയിലെ 2(3) നം.തീരുമാന പ്രകാരം അംഗീകരിച്ച് 27/02/2024 -തീയ്യതിയിൽ KEL മായി കരാറിൽ ഏർപ്പെട്ടു. ഇൻവോയിസ് നം.444 തീയ്യതി 05/03/2024 പ്രകാരം സോളാർ പാനൽ സ്ഥാപിക്കുന്നതിനു വേണ്ടി സോളാർ പാനലുകൾ, ഇൻവേർട്ടറുകൾ എന്നിവ സ്ഥാപനത്തിൽ നിന്നും ലഭ്യമായതായി കാണുന്നു. പ്രോജക്ട് നിർവ്വഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1)ബ്ലോക്ക് പഞ്ചായത്ത് കമ്മറ്റിയുടെ 12/03/2024 തീയ്യതിയിലെ 3(4) നം.തീരുമാന പ്രകാരം സോളാർ പാനലുകൾ, ഇൻവേർട്ടറുകൾ എന്നിവ അതാത് സ്ഥാപനങ്ങളിൽ വിതരണം ചെയ്യുക മാത്രമേ ചെയ്തിട്ടുള്ളു എന്നും ആയത് സ്ഥാപിക്കാത്തതിനാൽ അന്തിമ ബിൽ തുകയുടെ (ബിൽ തുക 28,12,608) 90% തുക(2,53,147) മാത്രം KEL -ന് നൽകുന്നതിനും ബാക്കി തുക ഉപകരണങ്ങൾ സ്ഥാപിച്ചതിനു ശേഷം മാത്രം നൽകുന്നതിനും തീരുമാനിച്ചു. നിലവിൽ സോളാർ പാനലുകൾ ഉഴവൂർ കെ.ആർ.എൻ.എം.എസ് ആശുപത്രി, കുറവിലങ്ങാട് താലൂക്ക് ആശുപത്രി, കുടുംബാരോഗ്യ കേന്ദ്രം രാമപുരം എന്നിവിടങ്ങൽ സ്ഥാപിച്ച് പ്രവർത്തന ക്ഷമമാക്കി ബാലൻസ് തുക KEL -ന് നൽകിയിട്ടുണ്ടോ എന്ന് വ്യക്തമല്ല.

2)2017 ലെ CGST/SGST Act ലെ സെക്ഷൻ 51 (1) പ്രകാരം ആകെ മൂല്യം (കരാർ തുക) 2.50 ലക്ഷം രൂപയിൽ അധികരിച്ചാൽ ഓരോ ശതമാനം വീതം CGST, SGST വിഹിതം സ്രോതസ്സിൽ കുറവ് ചെയ്യേണ്ടതാണ്. ഇപ്രകാരം ആകെ 2% തുക മുഴുവനായി കുറവ് ചെയ്യാതെയാണ് Kerala Agro Industries Corporation Ltd ബിൽ തുക നൽകിയത്.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.13/28.07.24) മറുപടിയായി ഉപകരണങ്ങൾ സ്ഥാപിച്ച് കമ്മീഷൻ ചെയ്തിട്ടുള്ളതാണെന്നും എന്നാൽ സ്ഥാപനങ്ങൾ പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കാത്തതു കൊണ്ടാണ് ബാലൻസ് ബിൽ തുക നൽകാത്തത് എന്നും മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. ഇത് സംബന്ധിച്ച് 30.07.2024 തീയ്യതിയിൽ നടന്ന എക്സിറ്റ് മീറ്റിംഗിൽ പരാമർശിച്ചപ്പോൾ സോളാർ പാനലുകൾ സ്ഥാപിച്ചെങ്കിലും പ്രവർത്തനക്ഷമമായിട്ടില്ല എന്നാണ് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് മറുപടി ലഭ്യമാക്കിയത്.

ഉഴവൂർ കെ.ആർ.എൻ.എം.എസ് ആശുപത്രി,കുറവിലങ്ങാട് താലൂക്ക് ആശുപത്രി, കുടുംബാരോഗ്യ കേന്ദ്രം രാമപുരം എന്നിവിടങ്ങളിൽ സ്ഥാപിച്ച സോളാർ പാനലുകൾ പ്രവർത്തനക്ഷമമാകാത്ത സാഹചര്യത്തിൽ സോളാർ പാനലുകൾ സ്ഥാപിക്കുന്നതിനായി ചെലവഴിച്ച തുക 2531347/- രൂപ തടസ്സപ്പെടുത്തുന്നു. ബന്ധപ്പെട്ട് സ്ഥാപനങ്ങളുടെ പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കി ചെലവ് തടസ്സം ഒഴിവാക്കേണ്ടതും ബാലൻസ് ബിൽ തുക KEL -ന് നൽകി വിവരങ്ങൾ ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.റ്റി ഡി എസ് ഇനത്തിൽ കുറവ് ചെയ്യേണ്ട് 2% തുകയായ 50225/-രൂപയ്ക്ക് പകരം 45202/-രൂപ മാത്രമേ ബില്ലിൽ കുറവു ചെയ്തിട്ടുള്ളു . ബാലൻസ് തുകയായ 5023/-രൂപ അന്തിമ ബിൽ തുകയിൽ നിന്ന് കുറവു ചെയ്ത് വിവരം രേഖാമൂലം അറിയിക്കേണ്ടതാണ്. അപാകതകൾ പരിഹരിക്കേണ്ടതാണ്.

1-18 കാർഷിക തൊഴിൽ സേനയ്ക്ക് കാർഷിക യന്ത്രങ്ങൽ വാങ്ങൽ- മിനി ട്രാക്ടർ വാങ്ങി നൽകിയത്-കാർഷിക കർമ്മ സേനയ്ക്ക് കൈമാറിയ വിവരങ്ങൾ ലഭ്യമല്ല-റ്റി.ഡി.എസ് പിടിച്ചില്ല

പ്രോജക്ട് നമ്പർ	248/23-24
അടങ്കൽ, ഫണ്ടിനം	500000/-(വികസനഫണ്ട് (ജനറൽ) 220000 (തനത് ഫണ്ട്) 80000 (ഗുണഭോക്ത

	വിഹിതം)
ചെലവ്	500000/-(വികസനഫണ്ട്) 179041/- (തനത് ഫണ്ട്)- 75449/-(ഗുണഭോക്ത വിഹിതം)
ഇൻവോയിസ് നം	ABM/512/23-24 തീയ്യതി 13.03.2024
ബിൽ നമ്പർ, വൗച്ചർ നമ്പർ / തീയതി	540/23.3.24 (തുക 500000) ചെക്ക് നം.2110319/22.03.24 (തുക 75,449) ചെക്ക് നം.2110320/22.03.24 (തുക 179041)
നിർവ്വഹണോദ്യോഗസ്ഥ	അസിസ്റ്റന്റ് ഡയറക്ടർ കൃഷി

2023-24 സാമ്പത്തിക വർഷം അസിസ്റ്റന്റ് ഡയറക്ടർ കൃഷി നിർവ്വഹണം നടത്തിയ കാർഷിക തൊഴിൽ സേനയ്ക്ക് കാർഷിക യന്ത്രങ്ങൾ വാങ്ങൽ (248/23-24) എന്ന പദ്ധതിയുടെ നിർവ്വഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1) ബ്ലോക്ക് പഞ്ചായത്ത് കമ്മറ്റിയുടെ 03/02/2024 തീയ്യതിയിലെ 3(1) നം.തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഗുണഭോക്താവായി മരങ്ങാട്ടുപിള്ളി കാർഷിക കർമ്മസേനയെ തെരഞ്ഞെടുത്തു. മിനി ട്രാക്ടർ വാങ്ങുന്നതിന് ഇ ടെണ്ടർ നടത്തിയതിൽ എറ്റവും കുറഞ്ഞ തുക നൽകിയ Kerala Agro Industries Corporation Ltd.,ആലപ്പുഴ (തുക 754490/-) എന്ന സ്ഥാപനം നൽകിയ ടെൻഡർ 31/01/2024 തീയ്യതിയിലെ 2(2) നം.തീരുമാന പ്രകാരംഅംഗീകരിച്ചു. അത് പ്രകാരം 02/02/2024 തീയ്യതിയിലെ എ ഡി എ യു 14/2023 നം.കത്ത് പ്രകാരം സപ്ലൈ ഓർഡർ നൽകിയിട്ടുണ്ട്. 13/02/2024 -ൽ Kerala Agro Industries Corporation Ltd മായി കരാരിൽ എർപ്പെട്ടു. ഇൻവോയിസ് നം.ABM/512/23-24 തീയ്യതി 13.03.2024 പ്രകാരം MAHINDRA JIVO 365 DI 4 WD (Engine No.MBNKPDEAFPZCO2176, Chasis No.ZPC5NBR3004) 754490 /- രൂപ യുടെ ബിൽ സമർപ്പിച്ചിട്ടുണ്ട്. എന്നാൽ ട്രാക്ടർ കൈപ്പറ്റിയതിന്റേയോ സ്റ്റോക്കിലെടുത്ത് മരങ്ങാട്ടുപിള്ളി കാർഷിക കർമ്മസേനയ്ക്ക് കൈമാറിയതിന്റെയോ . തുടർ പരിപാലനം സംബന്ധിച്ച് കരാർ ചമച്ചതിന്റെയോ വിവരങ്ങൾ ലഭ്യമല്ല.

2) 2017 ലെ CGST/SGST Act ലെ സെക്ഷൻ 51 (1) പ്രകാരം ആകെ മൂല്യം (കരാർ തുക) 2.50 ലക്ഷം രൂപയിൽ അധികരിച്ചാൽ ഓരോ ശതമാനം വീതം CGST , SGST വിഹിതം സ്രോതസ്സിൽ കുറവ് ചെയ്യേണ്ടതാണ്. ഇപ്രകാരം റ്റി.ഡി.എസ് ഇനത്തിൽ ആകെ 2% തുക കുറവ് ചെയ്യാതെയാണ് Kerala Agro Industries Corporation Ltd ബിൽ തുക നൽകിയത്. 754490/- രൂപയുടെ 2% തുകയായ 15090/രൂപ കുറവ് ചെയ്യാതെ ബിൽ തുക മുഴുവനായി കരാറുകാരന് നൽകി.

മേൽ സൂചിത അപാകതകൾ ചൂണ്ടിക്കാണിച്ച ഓഡിറ്റ് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.19/30.07.24) മറുപടി ലഭ്യമാക്കാത്ത സാഹചര്യത്തിൽ ചെലവഴിച്ച 754490/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.ട്രാക്ടർ കൈപ്പറ്റിയതിന്റേയും സ്റ്റോക്കിലെടുത്ത് മരങ്ങാട്ടുപിള്ളി കാർഷിക കർമ്മസേനയ്ക്ക് കൈമാറിയതിന്റെയും തുടർ പരിപാലനം സംബന്ധിച്ച് കരാർ ചമച്ചതിന്റെയും വിവരങ്ങൾ ലഭ്യമാക്കി 754490/- രൂപയുടെ തടസ്സം ഒഴിവാക്കേണ്ടതാണ്.റ്റി.ഡി.എസ് ഇനത്തിൽ കുറവ് ചെയ്യാത്ത തുക 15090/- രൂപ ബന്ധപ്പെട്ട സ്ഥാപനത്തിൽ നിന്നോ നിർവ്വഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് ഡയറക്ടർ കൃഷിയിൽ നിന്നോ ഈടാക്കി വിവരം രേഖാമൂലം അറിയിക്കേണ്ടതാണ്.

1-19 വിവിധ ആശുപത്രികളിൽ സിസിടിവി സ്ഥാപിക്കൽ--പ്രോജക്ട് പൂർത്തീകരിച്ചില്ല- നിക്ഷേപിച്ച 12 ലക്ഷം രൂപ സർക്കാർ വകുപ്പിന്റെ അക്കൗണ്ടിൽ മുടങ്ങിക്കിടക്കുന്നു

സിസിടിവി സ്ഥാപിക്കൽ എന്ന പ്രവൃത്തിക്കായി തൻവർഷം ചുവടെ ചേർക്കും പ്രകാരം പ്രോജക്ടുകൾ രൂപീകരിച്ച് നടപ്പാക്കി.

1)

പ്രോജക്ട് നം	145/24
ചെലവ്	10,00000/- രൂപ
ഫണ്ടിനം	മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ്
ബിൽ നം., തീയതി	350/16.01.2024
നിർവ്വഹണോദ്യോഗസ്ഥൻ	മെഡിക്കൽ ഓഫീസർ, ഉഴവൂർ കെ.ആർ.എൻ.എം.ആശുപത്രി

ഉഴവൂർ കെ.ആർ.എൻ.എം.ആശുപത്രിയിൽ സിസിടിവി സ്ഥാപിക്കുന്നതിന് മേൽ പ്രോജക്ട് പ്രകാരം എക്സിക്യൂട്ടീവ് എഞ്ചിനീയർ, പി.ഡബ്ലിയു.ഡി, ഇലക്ട്രോണിക്സ് ഡിവിഷൻ, തിരുവനന്തപുരം പേർക്ക് 10,00,000/-രൂപ കൈമാറി നൽകിയിട്ടുണ്ട്.

പ്രോജക്ടിന്റെ നിലവിലെ അവസ്ഥ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.17/28.07.24 ന് മറുപടി ലഭ്യമാക്കിയില്ല. പ്രോജക്ട് പൂർത്തീകരണ വിശദാംശം അറിയിക്കേണ്ടതാണ്.

2)

പ്രോജക്ട് നം	61/24
ചെലവ്	2,00,000/- രൂപ
ഫണ്ടിനം	മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ്
ബിൽ നം., തീയതി	43/07.02.2024
നിർവ്വഹണോദ്യോഗസ്ഥൻ	മെഡിക്കൽ ഓഫീസർ, കടപ്ലാമറ്റം എഫ്.എച്ച്.സി.

കടപ്ലാമറ്റം എഫ്.എച്ച്.സി.യിൽ സിസിടിവി സ്ഥാപിക്കുന്നതിന് മേൽ പ്രോജക്ട് പ്രകാരം എക്സിക്യൂട്ടീവ് എഞ്ചിനീയർ, പി.ഡബ്ലിയു.ഡി, ഇലക്ട്രോണിക്സ് ഡിവിഷൻ, തിരുവനന്തപുരം പേർക്ക് 2,00,000/-രൂപ നിക്ഷേപപ്രവൃത്തിയായി നൽകിയിട്ടുണ്ട്.

പ്രോജക്ടിന്റെ നിലവിലെ അവസ്ഥ സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (നം.16/28.07.24) ക്ക് പ്രോജക്ടിന്റെ നിർവ്വഹണത്തിനായി പി.ഡബ്ലിയു.ഡി, ഇലക്ട്രോണിക്സ് ഡിവിഷൻ നൽകിയ ആദ്യ ടെണ്ടർ പുതുക്കേണ്ടി വന്നതിനാൽ നിർവ്വഹണത്തിന് താമസം വന്നതിനാൽ നിലവിൽ സിസിടിവി സ്ഥാപിച്ചിട്ടില്ല എന്ന് മറുപടി ലഭ്യമാക്കി. ആയതിനാൽ മേൽ പ്രോജക്ടുകൾ പ്രകാരം നിക്ഷേപിച്ച 12 ലക്ഷം രൂപ സർക്കാർ വകുപ്പിന്റെ അക്കൗണ്ടിൽ മുടങ്ങിക്കിടക്കുകയാണെന്ന് വ്യക്തമാണ്. പ്രവൃത്തി പൂർത്തീകരിച്ച് വിശദാംശം ലഭ്യമാകുന്നത് വരെ 12,00,000/- രൂപയുടെ ചെലവ് തുക തടസ്സപ്പെടുത്തുന്നു. പ്രോജക്ട് പൂർത്തീകരണ വിശദാംശം അറിയിക്കേണ്ടതാണ്.

1-20 ചിറക്കുളത്തിന് സമീപം ചിൽഡ്രൻസ് പാർക്ക് - പ്രവർത്തനക്ഷമമായില്ല.

കാണക്കാരി ഗ്രാമപഞ്ചായത്തിലെ ചിറക്കുളത്തിന് സമീപം ചിൽഡ്രൻസ് പാർക്ക് സ്ഥാപിക്കുകയായിരുന്നു പ്രോജക്ടിന്റെ ലക്ഷ്യം. വിവിധ വർഷങ്ങളിലായി ചിൽഡ്രൻസ് പാർക്കിലേക്കാവശ്യമായ നിരവധി

കളിയുപകരണങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. തൻവർഷം ചുവടെ ചേർക്കും പ്രകാരം മൂന്ന് പ്രോജക്ടുകൾ ചിൽഡ്രൻസ് പാർക്ക് നവീകരണത്തിനായി ബ്ളോക്ക് പഞ്ചായത്ത് പ്രോജക്ട് ആവിഷ്കരിച്ച് നടപ്പിലാക്കി.

പ്രോജക്ട് നമ്പർ, പേര്	അടങ്കൽ, ഫണ്ടിനം	ചെലവ്	ബിൽ നമ്പർ/ ചെക്ക് നമ്പർ/തീയതി	കരാറുകാരൻ	ചെയ്ത പ്രവൃത്തികൾ
186/24 ,ചിൽഡ്രൻസ് പാർക്ക് അനുബന്ധസൗകര്യങ്ങൾ	100000/- തനത് ഫണ്ട്	93630/-	2110490/19.5.23	ജിംസ് കെ.എ	സൈഡ് ഭിത്തി കെട്ടൽ, കവാടം സ്ഥാപിച്ച് പേര് നൽകൽ
175/24, ചിറക്കളം പാർക്ക് നവീകരണം	100000/- തനത് ഫണ്ട്	99663/-	2110487/18.5.23	നോബി ജോൺ	6mm Broken Chips ഇടൽ, Yard Seperation
207/24 ചിറക്കളം പാർക്ക് പൂർത്തീകരണം	250000/- വികസനഫണ്ട് ജനറൽ 50000/- തനത് ഫണ്ട്	250000/- വികസനഫണ്ട് ജനറൽ 28596/- തനത് ഫണ്ട്	522/24.3.24 = 99034 523/24.3.24 =150966	വി.എം ജോർജ്	Steel Gate, Paver Block, Baby Friendly Painting

26.7.24 ന് നടത്തിയ പ്രാദേശിക പരിശോധനയിൽ ചിൽഡ്രൻസ് പാർക്ക് ഉപയോഗിക്കാതെ പുല്ല് കയറി കിടക്കുന്നതായി കാണപ്പെട്ടു. ചിൽഡ്രൻസ് പാർക്കിന്റെ പരിചരണം ആരെയാണ് ഏൽപ്പിച്ചിരിക്കുന്നതെന്ന് വ്യക്തമല്ല. ഉപകരണങ്ങൾ നാളിതുവരെ ഉപയോഗിക്കാത്തതിനാൽ അവശ്യാധിഷ്ഠിതമല്ലാതെ പ്രോജക്ട് രൂപീകരിച്ചതായി വ്യക്തമാകുന്നു. നിരവധി വർഷങ്ങൾകൊണ്ടാണ് ചിൽഡ്രൻസ് പാർക്ക് നിർമ്മാണം എന്ന ലക്ഷ്യം ബ്ളോക്ക് പഞ്ചായത്ത് പൂർത്തിയാക്കിയത്. പാർക്കിലേക്കുള്ള വഴി പുല്ലുകയറി സഞ്ചാരയോഗ്യമാകാത്ത അവസ്ഥയിലുമാണ്. നടപ്പാത വ്യക്തമാകാതെ പുല്ലുകയറി മൂടി ഇഴജന്തുക്കളുടെ സാന്നിദ്ധ്യം ഉണ്ടാകാൻ സാദ്ധ്യതയുള്ള പാർക്ക് കുട്ടികളുടെ സുരക്ഷയ്ക്ക് അനുയോജ്യമല്ല.



പാർക്ക് സംരക്ഷിക്കാത്തതിനും കുട്ടികൾക്കായി തുറന്ന് കൊടുക്കാത്തതിനും വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നമ്പർ 11/27.07.2024) നൽകുകയുണ്ടായി. ചിൽഡ്രൻസ് പാർക്കിന് സമീപമുള്ള കഫറ്റേരിയ, ഓപ്പൺ ജിം എന്നിവ ആഗസ്റ്റ് മാസം തുറന്ന് പ്രവർത്തിപ്പിക്കാൻ കാണക്കാരി ഗ്രാമപഞ്ചായത്ത് തീരുമാനമെടുത്തിട്ടുണ്ടെന്നും അതോടൊപ്പം പാർക്ക് തുറന്ന് പ്രവർത്തിക്കുമെന്നും മറുപടി

ലഭ്യമാക്കി. ഗ്രാമപഞ്ചായത്തുമായി ചർച്ച ചെയ്ത് തുടർനടപടികൾ സ്വീകരിക്കുമെന്ന് എക്സിറ്റ് മീറ്റിംഗിൽ പ്രസിഡന്റ് വ്യക്തമാക്കി. അപാകതകൾ പരിഹരിച്ച് ചിൽഡ്രൻസ് പാർക്ക് ഉപയോഗപ്രദമാക്കിയശേഷം വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-21 ചിറയിൽക്കുളം നവീകരണം - ചിറയിടിഞ്ഞ് പ്രവൃത്തി നശിച്ചു.

പ്രോജക്റ്റ് നമ്പർ	230/24
അടങ്കൽ, ഫണ്ടിനം	250000/- ധനകാര്യകമ്മീഷൻ ഗ്രാന്റ്
ചെലവ്	226838/-
ബിൽ നമ്പർ, തീയതി	497/16.3.24 – 164378 618/26.3.24 - 62460
നിർവ്വഹണോദ്യോഗസ്ഥൻ	അസി.എഞ്ചിനീയർ

ഉഴവൂർ ഗ്രാമപഞ്ചായത്തിലെ ജെറിയാട്രിക് പാർക്കിനോട് ചേർന്ന് സ്ഥിതിചെയ്യുന്ന ചിറയിൽ കുളത്തിന്റെ സൈഡിൽ 60mm , 80 Mm ഇന്റർലോക്ക് വിരിച്ച് ഭംഗിയാക്കുക എന്നതായിരുന്നു പ്രോജക്റ്റിന്റെ ലക്ഷ്യം. വിനോദ് കുമാർ വി.സി, മുണ്ട് വേലിൽ എന്ന കരാറുകാരൻ മുഖേനയാണ് പ്രവൃത്തി നിർവ്വഹിച്ചത് . 26.7.24 ന് സ്ഥലത്ത് പ്രാദേശിക പരിശോധന നടത്തി. ഇന്റർലോക്ക് വിരിച്ച് ഭംഗിയാക്കിയ ഭാഗം തിട്ടയിടിഞ്ഞ് കുളത്തിൽ പതിച്ച അവസ്ഥയിലാണ് കാണപ്പെട്ടത്. കല്ല് കെട്ടി തിട്ട ബലപ്പെടുത്താതെയാണ് പ്രവൃത്തി നിർവ്വഹിച്ചത്.

അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നമ്പർ 10) നൽകുകയുണ്ടായി. കുളത്തിനോട് ചേർന്നുള്ള 40 വർഷം പഴക്കം ചെന്ന പാർശ്വഭിത്തി ഇടിഞ്ഞതുമൂലമാണ് അപാകതയുണ്ടായതെന്നും 2024-25 വാർഷിക പദ്ധതിയിൽ അതിനുവേണ്ടി പ്രോജക്റ്റ് രൂപീകരിച്ചിട്ടുണ്ടെന്നും മറുപടി ലഭ്യമാക്കി. പഴക്കം ചെന്ന പാർശ്വഭിത്തിയുടെ സുരക്ഷിതത്വം പൂർണ്ണമായി ഉറപ്പാക്കാതെയും കൽകെട്ട് ബലപ്പെടുത്താതെയും സമീപസ്ഥമായി ടൈൽ വിരിക്കുകയും തുടർന്ന് തിട്ട ഇടിഞ്ഞത് മൂലം ഭാഗികമായി നശിക്കുകയും ചെയ്തത് മതിയായ സാങ്കേതിക പരിശോധനയുടെ അഭാവം മൂലമാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ഇക്കാര്യത്തിൽ മേൽതലത്തിലുള്ള സാങ്കേതിക വിഭാഗം ഉദ്യോഗസ്ഥരുടെ നേതൃത്വത്തിലുള്ള തുടർ പരിശോധന അനിവാര്യമാണ്. അപാകത പരിഹരിച്ച് തുടർനടപടി സ്വീകരിക്കുന്നതിലേക്കായി 226838/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-22 വയലാ പബ്ലിക് ലൈബ്രറി - പൂർത്തീകരിച്ചില്ല.

പ്രോജക്ട് നമ്പർ	244/24
അടങ്കൽ, ഫണ്ടിനം	1000000/- ധനകാര്യകമ്മീഷൻഗ്രാന്റ്
ചെലവ്	1000000/-
ബിൽ നമ്പർ, തീയതി	490/15.3.24
നിർവ്വഹണോദ്യോഗസ്ഥൻ	അസി.എഞ്ചിനീയർ

കടപ്ലാമറ്റം ഗ്രാമപഞ്ചായത്തിൽ വയലാ പബ്ലിക് ലൈബ്രറി പുനരുദ്ധരിക്കുക എന്നതായിരുന്നു പ്രോജക്ടിന്റെ ലക്ഷ്യം. ജിനുജോസഫ്, വിളയാർതൊട്ടിയിൽ എന്ന കരാറുകാരൻ മുഖേനയാണ് പ്രവൃത്തി നിർവ്വഹിച്ചത് . നിലവിൽ മറ്റ് ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന കെട്ടിടത്തിൽ ഫസ്റ്റ് ഫ്ലോർ നിർമ്മിച്ച് പബ്ലിക് ലൈബ്രറിയുടെ ആവശ്യത്തിനായി ഉപയോഗിക്കുകയായിരുന്നു ലക്ഷ്യം. 2023-24 വർഷം 1000000/- രൂപ ചെലവഴിച്ച് കെട്ടിടത്തിൽ ഫസ്റ്റ് ഫ്ലോറിന്റെ സ്ട്രക്ച്ചർ മാത്രം പൂർത്തീകരിച്ചിട്ടുണ്ട്. 26.7.24 ന് സ്ഥലത്ത് പ്രാദേശിക പരിശോധന നടത്തുകയുണ്ടായി.

കെട്ടിടത്തിന്റെ യഥാർത്ഥ ഉപയോഗം ലക്ഷ്യം വെച്ച് എല്ലാ ഘടകങ്ങളും ഉൾപ്പെടുത്തി പ്രോജക്ട് രൂപീകരിക്കാത്തതിനാൽ ലക്ഷ്യം കൈവരിക്കാതെ യാതൊരു നിർമ്മാണ പുരോഗതിയുമില്ലാത്ത അവസ്ഥയിലാണ് നിലവിൽ കെട്ടിടം.

തുടർ പ്രോജക്ടുകൾ രൂപീകരിച്ച് പ്രോജക്ട് ലക്ഷ്യം കൈവരിക്കാൻ സ്വീകരിച്ച നടപടികൾ അറിയിക്കാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നമ്പർ.8/27.07.2024) നൽകുകയുണ്ടായി. 2024-25 വർഷത്തിൽ ജില്ലാപഞ്ചായത്തുമായി ചേർന്ന് പദ്ധതി രൂപീകരിച്ച് കെട്ടിടം പൂർത്തിയാക്കും എന്നാണ് ലഭിച്ച മറുപടി. അപാകത പരിഹരിച്ച് കെട്ടിട നിർമ്മാണം പൂർത്തീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-23 ജെറിയാട്രിക് പാർക്കിന് അടിസ്ഥാന സൗകര്യവികസനം- ഗുണനിലവാരമില്ലാത്ത നിർവ്വഹണം-ലക്ഷ്യം കൈവരിച്ചിട്ടില്ല

പ്രോജക്ട് നമ്പർ	183/24
അടങ്കൽ, ഫണ്ടിനം	538235/- വികസനഫണ്ട് (ജനറൽ) - 38235/- ജില്ലാപഞ്ചായത്ത് വിഹിതം - 500000/-
ചെലവ്	538235/-
ബിൽ നമ്പർ, തീയതി	400/3.2.24 –38235/- 517/22.3.24 – 451565/-
നിർവ്വഹണോദ്യോഗസ്ഥൻ	അസി.എഞ്ചിനീയർ

ഉഴവൂർ ഗ്രാമപഞ്ചായത്തിലെ ജെറിയാട്രിക് പാർക്കിന് അടിസ്ഥാന സൗകര്യവികസനം ഒരുക്കുക എന്നതായിരുന്നു പ്രോജക്ടിന്റെ ലക്ഷ്യം. ബേബി മുളയിങ്കൽ എന്ന കരാറുകാരൻ മുഖേനയാണ് പ്രവൃത്തി

നിർവ്വഹിച്ചത്. തൻവർഷം ചുറ്റുമതിൽ കെട്ടുകയും കെട്ടിടത്തിന്റെ മുൻഭാഗം ഷീറ്റ് ഇടുകയും മുറ്റത്ത് ടൈലിടുകയും ചെയ്തു. 26.07.2024 ന് സ്ഥലത്ത് പ്രാദേശിക പരിശോധന നടത്തുകയുണ്ടായി. ഭൗതിക പരിശോധനവേളയിൽ, കെട്ടിടത്തിന്റെ മുൻഭാഗത്തെ ടൈലുകൾ (60mm) വിരിച്ച പ്രതലത്തിന്റെ അടിഭാഗം ഭൂനിരപ്പിൽ നിന്ന് താഴേയ്ക്ക് ഇരുന്നുപോയ അവസ്ഥയിലാണ് കാണപ്പെട്ടത്. ഈ പ്രവൃത്തിയുടെ നിർവ്വഹണത്തിലും ഖണ്ഡിക.1-21-ൽ പരാമർശിച്ച പ്രകാരമുള്ള സാങ്കേതികതല പരിശോധനയുടെ അഭാവം മൂലമുള്ള അപാകത സംഭവിച്ചിട്ടുണ്ട്. കെട്ടിടത്തിന്റെ സൈഡിൽ നിന്നും മഴവെള്ളം ടൈലിലേക്ക് പരന്നൊഴുകുന്ന നിലയിലാണ്. 03.06.2024-ൽ I/AE/LID&EW/UZHR/23-24 കത്തിലൂടെ കരാറുകാരനോട് അപാകത പരിഹരിക്കാൻ അസി.എഞ്ചിനീയർ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ അപാകത നാളിതുവരെ പരിഹരിച്ചിട്ടില്ല. പ്രത്യേക വിഭാഗത്തിനുവേണ്ടിയുള്ള വകയിരുത്തൽ തുകയാണ് മേൽ പ്രോജക്ട് പ്രകാരം വിനിയോഗിച്ചിട്ടുള്ളത്. ആയതിനാൽ പ്രോജക്ട് ലക്ഷ്യം കൈവരിക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കേണ്ടതുണ്ട്.

സ്വീകരിച്ച നടപടികൾ അറിയിക്കാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നമ്പർ.9/27.07.2024) നൽകുകയുണ്ടായി. മഴ മാറുന്നതിനനുസരിച്ച് അപാകത പരിഹരിക്കാമെന്ന് കരാറുകാരൻ അറിയിച്ചിട്ടുണ്ട് എന്നതാണ് ലഭ്യമാക്കിയ മറുപടി. അപാകത പരിഹരിച്ചശേഷം വിവരം അറിയിക്കേണ്ടതാണ്.

1-24 കൊണ്ടാട് വനിതാവികസനകേന്ദ്രം - ലക്ഷ്യം കൈവരിച്ചില്ല.

പ്രോജക്ട് നമ്പർ	188/24
അടങ്കൽ, ഫണ്ടിനം	1000000/- വികസനഫണ്ട് (ജനറൽ) - 500000/- ജില്ലാപഞ്ചായത്ത് വിഹിതം - 500000/-
ചെലവ്	632039/- വികസനഫണ്ട് (ജനറൽ) - 500000/- ജില്ലാപഞ്ചായത്ത് വിഹിതം - 132039/-
ബിൽ നമ്പർ, തീയതി	266/25.11.23 463/27.2.24
നിർവ്വഹണോദ്യോഗസ്ഥൻ	അസി.എഞ്ചിനീയർ

രാമപുരം ഗ്രാമപഞ്ചായത്തിൽ കൊണ്ടാട് ഭാഗത്ത് വനിതാവികസനകേന്ദ്രം സ്ഥാപിക്കുകയായിരുന്നു പ്രോജക്ടിന്റെ ലക്ഷ്യം. വനിതാവികസനകേന്ദ്രം സ്ഥാപിച്ച് വനിതകൾക്ക് സ്വയംതൊഴിൽ പരിശീലനമുൾപ്പെടെ ലക്ഷ്യംവെച്ചാണ് പ്രോജക്ട് രൂപീകരിച്ചത്. 2023-24 വർഷം 632039/- രൂപ ചെലവഴിച്ച് കെട്ടിടത്തിന്റെ സ്ട്രക്ച്ചർ പൂർത്തീകരിച്ച് രണ്ട് മുറികൾ പണിത് റോളിംഗ് ഷട്ടർ ഇട്ടിട്ടുണ്ട്. 26.7.24 ന് സ്ഥലത്ത് പ്രാദേശിക പരിശോധന നടത്തുകയുണ്ടായി. പ്രോജക്ടിന്റെ നിർവ്വഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1) കെട്ടിടത്തിന്റെ യഥാർത്ഥ ഉപയോഗം ലക്ഷ്യം പരിഗണിച്ചുള്ള എല്ലാ ഘടകങ്ങളും ഉൾപ്പെടുത്തി പ്രോജക്ട് രൂപീകരിച്ചില്ല.

2) കെട്ടിടത്തിന്റെ പുറക് ഭാഗം കാട് പിടിച്ച് കിടക്കുന്നതായും, നടപ്പുവഴിയായി ഉപയോഗിക്കുന്നതായും കാണപ്പെട്ടു. കെട്ടിടം സ്ഥിതിചെയ്യുന്ന സ്ഥലത്തിന്റെ അതിര് നിർണ്ണയിച്ചിട്ടില്ല.

3) ചുറ്റുമതിൽ കെട്ടി അതിർത്തി സംരക്ഷിച്ചിട്ടില്ല.

4) നിലവിൽ കെട്ടിടത്തിലേക്ക് ജല- വൈദ്യുതി വിതരണ സംവിധാനമില്ല. കൂടാതെ ടോയ്‌ലെറ്റ് സംവിധാനവും ഒരുക്കിയിട്ടില്ല.

തുടർ പ്രോജക്ടുകൾ രൂപീകരിച്ച് പ്രോജക്ട് ലക്ഷ്യം കൈവരിക്കാൻ സ്വീകരിച്ച നടപടികൾ അറിയിക്കാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നമ്പർ7/27.07.2024) നൽകുകയുണ്ടായി. .2024-25 വർഷത്തിൽ പദ്ധതി രൂപീകരിച്ചിട്ടുണ്ടെന്നും ചൂണ്ടിക്കാട്ടിയ അപാകതകൾ പരിഹരിക്കും എന്നുമാണ് ലഭിച്ച മറുപടി. അപാകത പരിഹരിച്ച് കെട്ടിട നിർമ്മാണം എല്ലാ ഘടകങ്ങളും ഉൾപ്പെടുത്തി പൂർത്തീകരിച്ചും വനിതാ ഘടക പദ്ധതി എന്ന നിലയിൽ വനിതകൾക്ക് പ്രത്യക്ഷമായ നേട്ടം പ്രദാനം ചെയ്യുന്ന തുടർപ്രോജക്ട് ആവിഷ്കരിച്ചും ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്.

1-25 മുല്ലമറ്റം ചെറുകുറിഞ്ഞി റോഡ് - കേസിന്റെ നിലവിലെ സ്ഥിതി വ്യക്തമല്ല.

പ്രോജക്ട് നമ്പർ	164/24
അടങ്കൽ, ഫണ്ടിനം	103061/- തനത് ഫണ്ട്
ചെലവ്	99778/-
ചെക്ക് നമ്പർ, തീയതി	2110160/23.11.23
നിർവ്വഹണോദ്യോഗസ്ഥൻ	അസി.എഞ്ചിനീയർ

രാമപുരം ഗ്രാമപഞ്ചായത്തിലെ മുല്ലമറ്റം ചെറുകുറിഞ്ഞി റോഡ് നിർമ്മാണം 2021-22 വർഷം പൂർത്തിയാക്കിയതാണ്. റോഡിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് തദ്ദേശ സ്വയംഭരണ വകുപ്പ് ഓംബുഡ്സ്മാനിലും വിജിലൻസിലും കേസുണ്ടാവുകയും കരാറുകാരന് ബാക്കി തുക നൽകാതിരിക്കുകയും ചെയ്തു. 7.11.23 ലെ 7(1) നമ്പർ കമ്മറ്റിത്തീരുമാനപ്രകാരം പുതിയ പ്രോജക്ട് വെച്ച് കരാറുകാരന് ബാക്കി തുക നൽകാൻ തീരുമാനിക്കുകയും മേൽ പ്രകാരം പ്രോജക്ട് രൂപീകരിച്ച് തുക നൽകുകയും ചെയ്തു. ഓംബുഡ്സ്മാനിലും വിജിലൻസിലുമുള്ള കേസുകളുടെ നിലവിലെ സ്ഥിതി അറിയിക്കാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നമ്പർ 12/27.07.2024) നൽകുകയുണ്ടായി. ഓംബുഡ്സ്മാന്റെ മുമ്പാകെയുള്ള കേസ് പ്രത്യേക പരാമർശമില്ലാതെ തീർപ്പാക്കിയിട്ടുണ്ട് എന്നാണ് ലഭ്യമാക്കിയ മറുപടി. മഴക്കാലത്ത് റോഡിന് വന്ന കേടുപാടുകൾ കരാറുകാരൻ പരിഹരിച്ചിട്ടുണ്ടെന്നും നിലവിൽ റോഡ് ഗതാഗതയോഗ്യമായി തുടരുന്നുണ്ടെന്നും മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. ഇത് സംബന്ധിച്ച വിജിലൻസ് കേസിൽ റോഡിന്റെ കേടുപാടുകൾ പരിഹരിക്കാൻ കരാറുകാരന് നോട്ടീസ് നൽകിയില്ല എന്ന അപാകത മാത്രമാണ് ചൂണ്ടിക്കാട്ടിയതെന്നും ആയതിന്റെ വിശദീകരണം നൽകിയിട്ടുണ്ടെന്നും അസി. എഞ്ചിനീയർ മറുപടി ലഭ്യമാക്കി. കരാറുകാരൻ പിന്നീട് അസുഖബാധിതനായതിനാലാണ് ടിയാന്റെ അപേക്ഷ പരിഗണിച്ച് ഭരണസമിതിയുടെ അറിവോടെ ബാക്കി തുക നൽകിയതെന്നും മറുപടിയിൽ വ്യക്തമാക്കുകയുണ്ടായി. എന്നാൽ ഇത് സംബന്ധിച്ച വിജിലൻസ് കേസിന്റെ തുടർ നടപടികൾ സർക്കാരിന്റെ പരിഗണനയിലാണ് എന്നും മറുപടിയിൽ പരാമർശിച്ചിട്ടുണ്ട്. വിജിലൻസ് കേസിന്റെ തുടർ നടപടികൾക്കനുസൃതമായി വേണമായിരുന്നു കരാറുകാരന് ബാക്കി തുക നൽകുവാൻ. കേസിന്റെ പൂർത്തീകരണ വിവരങ്ങൾ ലഭ്യമാകാതെ കരാറുകാരന് നൽകിയ 99778/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

വിജിലൻസ് കേസിന്റെ തുടർനടപടികൾ അറിയിക്കേണ്ടതും ആയതിനനുസരിച്ച് ഭരണസമിതി തലത്തിൽ തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

1-26 പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി - 12 ഗുണഭോക്താക്കൾ നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല

പ്രോജക്റ്റ് നമ്പർ	6/24,
അടങ്കൽ, ഫണ്ടിനം	3400000/- വികസനഫണ്ട് (എസ്.സി.പി)
ചെലവ്	1250000/-
ബിൽ നമ്പർ, തീയതി	6/24 Dt 16.12.24 – 90000/- 8/24 Dt 30.12.24 – 60000/- 9-12/24 Dt 12.1.24 – 270000/- 15/24 Dt 18.3.24 – 240000/- 16,18,19/24 Dt 25.3.24 – 590000/-
നിർവ്വഹണോദ്യോഗസ്ഥൻ	എസ്.സി.ഡി.ഒ

മേൽ പ്രോജക്റ്റ് പ്രകാരം ആകെ 17 ഗുണഭോക്താക്കൾ ബ്ലോക്ക് പഞ്ചായത്തുമായി കരാറിലേർപ്പെട്ടു. ഇതിൽ 5 ഗുണഭോക്താക്കൾ പഠനമുറി നിർമ്മാണം പൂർത്തിയാക്കി. പഠനമുറി നിർമ്മാണം പൂർത്തിയാക്കാത്തവരുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	ഗുണഭോക്താക്കൾ	ഗ്രാമപഞ്ചായത്ത്, വാർഡ് നമ്പർ	ആകെ കൈപ്പറ്റിയ തുക
1	അനറ്റ് ചന്ദ്രബോസ്	രാമപുരം, 6	170000/-
2	സാന്ദ്രാ മനോജ്	രാമപുരം, 9	170000/-
3	അരവിന്ദ് വി.എം	രാമപുരം, 1	90000/-
4	വിശാൽ പ്രവീൺ	രാമപുരം, 8	90000/-
5	അഥീനാ അഭിലാഷ്	മാഞ്ഞൂർ, 15	170000/-
6	അഭിഷേക് അംബുജാക്ഷൻ	മാഞ്ഞൂർ, 13	170000/-
7	അഭിജിത് ബാബു	മാഞ്ഞൂർ, 16	30000/-
8	അഭിനന്ദനാ ബാബു	മാഞ്ഞൂർ, 18	170000/-
9	പൂജാമോൾ	കുറവിലങ്ങാട്, 3	170000/-
10	അവന്തികാ സജീവ്	കുറവിലങ്ങാട്, 1	30000/-

11	അനുപാ കെ സാബു	കുറവിലങ്ങാട് , 13	30000/-
12	കീർത്തനാ അജിത്	കടപ്ലാമറ്റം, 10	90000/-

ഇതിനോടകം കൈപ്പറ്റിയ മുൻകൂർ തുക പഠനമുറി നിർമ്മാണത്തിനായി വിനിയോഗിച്ചിട്ടുണ്ടെന്ന് ഉറപ്പാക്കേണ്ടതും, പഠനമുറി നിർമ്മാണം പൂർത്തിയാക്കിയശേഷം വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

1-27 വിവിധ ആശുപത്രികൾക്ക് മരുന്ന്/ഉപകരണങ്ങൾ വാങ്ങൽ--മരുന്ന് പൂർണ്ണമായും ലഭിച്ചിട്ടില്ല

വിവിധ ആശുപത്രികളിലേക്ക് മരുന്നുവാങ്ങലിനായി തൻവർഷം ചുവടെ ചേർക്കും പ്രകാരം പ്രോജക്ടുകൾ രൂപീകരിച്ചു.

1)

പ്രോജക്ട്	60/24, കെ.ആർ.എൻ.എം.എസ്.ആശുപത്രി, ഡയാലിസിസ്, യൂണിറ്റ് ഉപകരണങ്ങളും മരുന്നും വാങ്ങൽ
ചെലവ്	11,25,221/-/- രൂപ
ഫണ്ടിനം	മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ്
ബിൽ നം., തീയതി	131/27.07.23
നിർവ്വഹണോദ്യോഗസ്ഥൻ	മെഡിക്കൽ ഓഫീസർ,കെ.ആർ.എൻ.എം.എസ്. ആശുപത്രി, ഉഴവൂർ,

ഫയൽ പരിശോധിച്ചതിൽ, ചുവടെ ചേർക്കും പ്രകാരം മരുന്ന് പൂർണ്ണമായും ലഭിച്ചിട്ടില്ല എന്ന് കാണുന്നു.

തുക നൽകിയ ഏജൻസി	പ്രോഫോർമ ഇൻവോയ്സ് നം., തീയതി	നൽകിയ തുക	ലഭിച്ച മരുന്നിന്റെ വില	ലഭിയ്ക്കാനുള്ള മരുന്നിന്റെ വില
കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ലിമിറ്റഡ്	PRF-697/22.07.2023	2,78,062/-	245540/-	32522/-
”	PRF-2569/8.12.2023	8,41,595	6,83,732	1,57,863
	ആകെ			1,90,385/-

ലഭിയ്ക്കാൻ അവശേഷിയ്ക്കുന്ന മരുന്നിന്റെ വിലയായ 1,90,385/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മരുന്ന് ലഭ്യമായതിന്റെ വിശദാംശം സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

2)

പ്രോജക്ട്	55/24, കടപ്ലാമറ്റം കുടുംബാരോഗ്യകേന്ദ്രത്തിലേയ്ക്ക്

	മരുന്ന് വാങ്ങൽ
ചെലവ്	6,56,933/- രൂപ
ഫണ്ടിനം	മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ്
ബിൽ നം., തീയതി	69/03.06.23
നിർവ്വഹണോദ്യോഗസ്ഥൻ	മെഡിക്കൽ ഓഫീസർ, കുടുംബാരോഗ്യകേന്ദ്രം, കടപ്ലാമറ്റം

മേൽ പ്രോജക്ട് നടപ്പിലാക്കുന്നതിനായി ചുവടെ ചേർക്കും പ്രകാരം തുക നൽകിയിട്ടുണ്ട്.

തുക നൽകിയ ഏജൻസി	പ്രോഫോർമ ഇൻവോയ്സ് നം., തീയതി	നൽകിയ തുക	ലഭിച്ച മരുന്നിന്റെ വില	ലഭിയ്ക്കാനുള്ള മരുന്നിന്റെ വില
കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ലിമിറ്റഡ്	PRF-181/24.05.23	1,12,744/-	67170/-	45574/-

ലഭിയ്ക്കാനുള്ള മരുന്നിന്റെ വിലയായ 45,574/- യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മരുന്ന് ലഭ്യമായതിന്റെ വിശദാംശം സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

1-28 പി.എം എ വൈ -എല്ലാ ഗുണഭോക്താക്കളും ഭവന നിർമ്മാണം പൂർത്തീയാക്കിയില്ല

ഉഴവൂർ ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിൽ പി.എം. എ. വൈ പദ്ധതിയിൽ ഉൾപ്പെടുത്തി ഭവന നിർമ്മാണം നടത്തുന്നതിനായി 2016-17, 2017-18, 2021-22 വർഷങ്ങളിലായി ആകെ 146 ഗുണഭോക്താക്കൾ കരാറിലേർപ്പെട്ടിരുന്നതിൽ ചുവടെ ചേർത്തിരിക്കുന്നവർ നാളിതുവരെ ഭവന നിർമ്മാണം പൂർത്തീകരിക്കാതെ അവശേഷിക്കുന്നതായി പരിശോധനയിൽ ബോധ്യപ്പെട്ടു . വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

ക്രമ നം	പേര്/വിലാസം	വിഭാഗം	വർഷം	പഞ്ചായത്ത്	കൈപ്പറ്റിയ തുകയുടെ വിശദാംശങ്ങൾ	നിലവിലെ സ്ഥിതി
1	റാണി ബേബി പുൽപ്പാക്കുന്നേൽ ചക്കാമ്പുഴ പി.ഒ	Minority	2016-17	രാമപുരം	48,000/- 27.02.2017	ബേസ് മെൻറ് പൂർത്തീയായി,വീട് പണി തുടരാത്തതിനാൽ റിക്കവറി നോട്ടീസ് നൽകിയിട്ടുണ്ട്
2	സാനിയ സോജൻ പൈക്കാട്ടിൽ കിഴതിരി പി.ഒ	Minority	2016-17	രാമപുരം	48,000/- (25.03.17) 40,000 (04.06.2019	ആകെ 88,000/-രൂപ കൈപ്പറ്റിയിട്ടുണ്ട്.തറ പൂർത്തീയായി,വീട് പണി

						തുടരാത്തതിനാൽ റിക്കവറി നോട്ടീസ് നൽകിയിട്ടുണ്ട്.
3	വിജി ബിജു ചെത്തിമറ്റത്തിൽ ചാമക്കാല	എസ്.സി	2021-22	മാഞ്ഞൂർ	4,8000 (03.02.22) 48,000/ (23.03.22) 50,000 (13.04.22) 72,000 (07.05.22) 98000/- (15.05.24)	ആകെ3,16,000/-രൂപ കൈപ്പറ്റിയിട്ടുണ്ട്. മേൽക്കൂര നിർമ്മാണം വരെയെത്തി.
4	രാജു രാമൻ കുവെള്ളൂർ കടപ്ലാമറ്റം	എസ്.റ്റി	2021-22	കടപ്ലാമറ്റം	48,000/- (31.03.2022)	മരണപ്പെട്ടു.റിക്കവറി നോട്ടീസ് നൽകിയിട്ടുണ്ട്
5	സിജി ബിജു കാഞ്ഞിര-പാറയിൽ	എസ്.റ്റി	2023-24	കടപ്ലാമറ്റം	48,000/- (06.06.2023)	റിക്കവറി നോട്ടീസ് നൽകിയിട്ടുണ്ട്

ഭവന നിർമ്മാണം പൂർത്തീകരിക്കാത്തവരിൽ നിന്നും തുക തിരികെ ഈടാക്കാൻ എടുത്ത നടപടികളുടെ വിശദാംശങ്ങൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.3/25.07.2024) മറുപടിയായി വീട് പണി പൂർത്തീകരിക്കാത്തവരിൽ നിന്നും തുക തിരികെ ഈടാക്കാൻ നടപടി എടുക്കുന്നതാണ് എന്നറിയിച്ചിട്ടുണ്ട്. ആവശ്യമായ ബോധവത്ക്കരണം നടത്തി ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിനായി ഭരണതല ഇടപെടലുകൾ നടത്തേണ്ടതും ഇതിനുശേഷവും ഭവന നിർമ്മാണം പൂർത്തീകരിക്കാത്തവരിൽ നിന്നും തുക തിരികെ ഈടാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്യേണ്ടതാണ്.

1-29 ഡെപ്പോസിറ്റ് പ്രവൃത്തി-ഭൂജല വകുപ്പിൽ നിക്ഷേപിച്ച 2.5 ലക്ഷം രൂപ മുടങ്ങികിടക്കുന്നു.

2023-24 വർഷം സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി ചുവടെ ചേർക്കുന്ന പ്രവൃത്തിയ്ക്ക്, ജില്ലാ ഭൂജല വകുപ്പിൽ തുക ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു. .

പ്രോജക്ട് നമ്പർ, പേര്	അടങ്കൽ, ഫണ്ടിനം	ചെലവ്	ബിൽ നമ്പർ ,തീയതി	സ്ഥാപനം
111/23-24 രാമപുരം ഗ്രാമ പഞ്ചായത്ത് താമരമുക്ക് കുടിവെള്ള പദ്ധതിയ്ക്ക് കുഴൽ	250000/- ധനകാര്യകമ്മീഷൻ ഗ്രാന്റ്(‘Tied Fund)	250000/-	462/27.02.2024	ജില്ലാ ഭൂജല വകുപ്പ് കോട്ടയം

	കിണർ നിർമ്മാണം മോട്ടോർ സ്ഥാപിക്കൽ				

പ്രവൃത്തി പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടുണ്ടെങ്കിൽ ആയത് പരിശോധനക്ക് ഹാജരാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.6/27.07.24) മറുപടിയായി നിലവിൽ പദ്ധതിയുടെ ടെൻഡർ നടപടികൾ മാത്രമേ പൂർത്തീകരിച്ചിട്ടുള്ളെന്നും പ്രവൃത്തി പൂർത്തീകരിച്ചതിനു ശേഷം വിനിയോഗ സാക്ഷ്യപത്രം നൽകുന്നതാണെന്ന് ഭൂജല വകുപ്പിൽ നിന്ന് അറിയിച്ചിട്ടുണ്ടെന്നും വ്യക്തമാക്കിയിട്ടുണ്ട്. കുഴൽ കിണർ നിർമ്മാണവും കുടിവെള്ള പദ്ധതിയുടെ സമ്പൂർണ്ണ പൂർത്തീകരണവും ഉറപ്പാക്കി ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്. തൻവർഷം നിക്ഷേപിച്ച തുകയുടെ വിനിയോഗ വിവരങ്ങൾ ലഭ്യമാക്കുന്നത് വരെ 2,50,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-30 മാലിന്യനിർമ്മാർജനം ബ്ളോക്ക് പഞ്ചായത്തിന്റെ പ്രവർത്തനം - അവലോകനം

ഉഴവൂർ ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിലുള്ളതും അല്ലാത്തതുമായ പല ഗ്രാമപഞ്ചായത്തുകളും ബ്ലോക്ക് പഞ്ചായത്തിന്റെ ഷ്രെഡ്ഡിംഗ് ആന്റ് ബെയിലിംഗ് സെന്ററുകളിലായിരുന്നു 3-4 വർഷങ്ങൾക്ക് മുൻപ് പ്ലാസ്റ്റിക് മാലിന്യം കൈമാറിയിരുന്നത്. ബ്ലോക്ക് പഞ്ചായത്ത് ആയത് പൊടിച്ച് ക്ലീൻ കേരള കമ്പനിക്ക് കൈമാറുകയും ചെയ്തിരുന്നു. എന്നാൽ ക്ലീൻ കേരള കമ്പനി, പൊടിച്ച പ്ലാസ്റ്റിക് പിന്നീട് ഏറ്റെടുക്കാതെ വന്നതോടെ ബ്ലോക്ക് പഞ്ചായത്ത് ഷ്രെഡ്ഡിംഗ് ആന്റ് ബെയിലിംഗ് യൂണിറ്റിന്റെ പ്രവർത്തനം നിർത്തുകയുണ്ടായി.

പിന്നീട് ഷ്രെഡ്ഡിംഗ് യൂണിറ്റ് പാട്ടത്തിന് നൽകാൻ തീരുമാനിക്കുകയും 23.5.23 ലെ 3-ാം നമ്പർ തീരുമാനപ്രകാരം പ്രതിമാസം 10000/- രൂപയ്ക്ക് ദേവിശ്രീ രേവതി ഹൗസ് എന്ന വ്യക്തിക്ക് പാട്ടവ്യവസ്ഥയിൽ നൽകുകയും ചെയ്തു. പ്രവർത്തനരഹിതമായിരുന്ന ബെയിലിംഗ് യൂണിറ്റ് തനത് ഫണ്ട് ചെലവഴിച്ച് പ്രവർത്തനക്ഷമമാക്കുകയും ചെയ്തു. 24.7.24 ന് നടത്തിയ പ്രാദേശിക പരിശോധനയിൽ ഷ്രെഡ്ഡിംഗ് യൂണിറ്റ് സ്ഥിതി ചെയ്യുന്ന കെട്ടിടത്തിന് ചുറ്റും പ്ലാസ്റ്റിക് മാലിന്യങ്ങളുടെ വലിയ കൂനകാണാൻ സാധിച്ചു. മാലിന്യ നിർമ്മാർജനപ്രവർത്തനങ്ങൾ സംസ്ഥാനസർക്കാർ വളരെ കാര്യക്ഷമമായി മുമ്പോട്ട് കൊണ്ടുപോകുമ്പോൾ അതിന് നേതൃത്വപരമായ പങ്ക് വഹിക്കേണ്ട ബ്ലോക്ക് പഞ്ചായത്തിന്റെ ഭാഗത്തു നിന്നും ഇത്തരം അപാകതകളുണ്ടാവുന്നത് ശരിയായ നടപടിയല്ല. വിഷയം എക്സിറ്റ് മീറ്റിംഗിൽ ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുകയുണ്ടായി. കനത്ത മഴയായതിനാൽ കൂട്ടിയിട്ടിരിക്കുന്ന പ്ലാസ്റ്റിക് നനഞ്ഞുപോയതിനാൽ ഷ്രെഡ്ഡിംഗ് നടത്താനുള്ള ബുദ്ധിമുട്ടും ഷ്രെഡ്ഡ്ഡ് പ്ലാസ്റ്റിക് ഏറ്റെടുക്കാൻ കമ്പനി തയ്യാറാകാതെ വന്നതിനാലുമാണ് അപാകതയുണ്ടായതെന്ന് മറുപടി ലഭ്യമാക്കി. അപാകത എത്രയും വേഗം പരിഹരിക്കേണ്ടതാണ്.

23.5.23 ലെ 4-ാം നമ്പർ തീരുമാനപ്രകാരം പ്ലാസ്റ്റിക് സംഭരിക്കാൻ ശുചിത്വമിഷൻ അനുവദിച്ച 16 ലക്ഷം രൂപയുടെ കെട്ടിട നിർമ്മാണത്തിനുള്ള പ്രോജക്ട് പ്രകാരം നിലവിലുള്ള ക്യാന്റീൻ കെട്ടിടത്തിന് മുകളിലായി പ്ലാസ്റ്റിക് സംഭരണ കെട്ടിടം സ്ഥാപിക്കാൻ തീരുമാനിച്ചെങ്കിലും നടപ്പാക്കിയിട്ടില്ല. പ്ലാസ്റ്റിക് മാനേജ്മെന്റ് യൂണിറ്റ് നിർമ്മിക്കുവാൻ തൻവർഷം സ്പിൽ ഓവറായി 1625000/- രൂപ വകയിരുത്തി. രൂപീകരിച്ച പ്രോജക്ടും നടപ്പാക്കിയിട്ടില്ല. കൂടാതെ 5.10.23 ലെ 1(7)-ാം നമ്പർ തീരുമാനപ്രകാരം പുതിയ പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റ് കെട്ടിടം നിലവിലുള്ള കെട്ടിടത്തോട് ചേർന്ന് നിർമ്മിക്കാൻ തീരുമാനിച്ചെങ്കിലും ആയതും നടപ്പാക്കിയിട്ടില്ല. ഈ മേഖലയിലെ ബ്ലോക്ക് പഞ്ചായത്തിന്റെ ഇടപെടലിന്റെ കാര്യക്ഷമത ഇല്ലായ്മയാണ് ഈ അവസ്ഥ വെളിവാക്കുന്നത്. അപാകതകൾ പരിഹരിച്ച് മാലിന്യ നിർമ്മാർജനപ്രവർത്തനങ്ങളിൽ ബ്ലോക്ക്

പഞ്ചായത്ത് നേതൃത്വപരമായ പങ്ക് വഹിക്കേണ്ടതാണ്.

ഭാഗം -2

വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -3

ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -4

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ വിവരം.

2023-24 ലെ വാർഷിക ധനകാര്യപത്രിക എയിംസ് സോഫ്റ്റ്‌വെയർ മുഖേന ഓൺലൈനായി നിയമപരമായ സമയപരിധിക്കുള്ളിൽ ഓഡിറ്റിന് ഹാജരാക്കിയിരുന്നു. ധനകാര്യ പത്രിക ഓഡിറ്റ് സമയത്ത് 27/07/2024-ൽ പരിശോധിച്ച് ഓഡിറ്റ് സാക്ഷ്യപത്രം അനുബന്ധം-1 ആയി ചേർത്തിട്ടുണ്ട്. ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീപ്റ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, 31/03/2024-ലെ ബാലൻസ് ഷീറ്റ് എന്നിവ യഥാക്രമം അനുബന്ധം-3,4,5 ആയി ചേർത്തിരിക്കുന്നു.

4-2 സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം.

	വിഹിതം	തുക	ലഭിച്ച	പ്രോജക്ടിന്റെ നമ്പർ	ചെലവ്	ബാലൻസ്

നൽകിയ സ്ഥാപനം	ലഭിച്ച വർഷം	തുക	,പേര്		
ജില്ലാ പഞ്ചായത്ത്, കോട്ടയം	2023-24	967319/-	166/24, കടപ്ലാമറ്റം പഞ്ചായത്ത് വെള്ളാക്കൽ കുരോച്ചാൽ കുടിവെള്ളപദ്ധതി	967319/-	0
,,	2023-24	451565/-	183/24, ഉഴവൂർ പഞ്ചായത്തിലെ ജെറിയാട്രിക് പാർക്ക് അടിസ്ഥാന സൗകര്യവികസനം	451565/-	0
,,	2023-24	500000/-	84/24, രാമപുരം ഗ്രാമപഞ്ചായത്തിലെ പുതുവേലി തോടിന് കുറുകെ പാലം നിർമ്മാണം.	500000/-	0
	2023-24	248317/-	187/24 രാമപുരം പഞ്ചായത്ത് അംബേദ്കർ കോളനി കുടിവെള്ളപദ്ധതി	248317/-	ഠ
	2023-24	471427/-	189/24 മാങ്കുഴി പയസ് മൗണ്ട് റോഡ്	471427/-	ഠ
	2023-24	738428/-	85/24 വെളിയന്നൂർ ഗ്രാമപഞ്ചായത്ത് പെരുമറ്റം വള്ളോപ്പള്ളി റോഡ്	738428/-	0
	2023-24	132039/-	188/24, കൊണ്ടാട് വനിതാവികസന കേന്ദ്രം	132039/-	0
ആകെ		3509095/-		3509095/-	

166/24 എന്ന പ്രോജക്ടിന്റെ 687831/- രൂപയുടെ ജില്ലാപഞ്ചായത്ത് വിഹിതത്തിന്റെ ചെലവ് സ്വലേഖയിൽ ഉൾപ്പെട്ടിട്ടില്ല.

<u>4-3 ഡെപ്പോസിറ്റ് വർക്കുകൾക്കായി കൈമാറിയ തുകകളുടെ വിവരം.</u>

ക്രമ നം	പ്രോജക്ട് നം, പ്രോജക്ടിന്റെ പേര്	മുൻകൂർ നൽകിയ തുക	ചെലവഴിച്ച തുക	ചെലവഴിക്കാൻ ബാക്കിയുള്ള തുക	സ്ഥാപനം

1.	നം.111/24 , രാമപുരം ഗ്രാമപഞ്ചായത്ത് താമരമുക്ക് കുടിവെള്ളപദ്ധതിക്ക് കുഴൽകിണർ നിർമ്മാണവും മോട്ടോർ സ്ഥാപിക്കലും	250000/-	0	250000/-	ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട് മെന്റ്

കുറിപ്പ്- എക്സിക്യൂട്ടീവ് എഞ്ചിനീയർ, പി.ഡബ്ല്യു.ഡി, ഇലക്ട്രോണിക്സ് വിഭാഗത്തിലേയ്ക്ക് ഡെപ്പോസിറ്റ് ചെയ്യപ്പെട്ടിട്ടുള്ള 12 ലക്ഷം രൂപയുടെ വിനിയോഗ സാക്ഷ്യപത്രവും ലഭിച്ചിട്ടില്ല. (ബന്ധപ്പെട്ട ഖണ്ഡികകൾ കാണുക)

4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം

തൻവർഷം മൊബിലൈസേഷൻ അഡ്വാൻസ് നൽകിയിട്ടില്ല.

4-5 വായ്പ/വായ്പ തിരിച്ചടവ്

ബ്ലോക്ക് പഞ്ചായത്ത് തൻവർഷം വായ്പയിനത്തിൽ തുക എടുത്തിട്ടില്ല. വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള വായ്പയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

വായ്പയുടെ പേര്/ ഉദ്ദേശ്യം	വായ്പ തുക	വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന മുതൽ	തൻവർഷം തിരിച്ചടച്ച തുക		വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക (മുതൽ)
			മുതൽ	പലിശ	
ഐഎവൈ ഭവനപദ്ധതി	12600000	10555053	1384248	0	9170805

കുറിപ്പ്- മേൽ ഇനത്തിലെ വായ്പ ബാധ്യത സംബന്ധിച്ച് ഖ.1-13 ലെ പരാമർശങ്ങൾ കൂടി കാണുക. മുതൽ ഇനത്തിലെ ബാധ്യതയിൽ അധികമായ തുക പലിശയിനത്തിലെ ബാധ്യതയായി അവശേഷിക്കുന്നു (ഓഡിറ്റ് തീയതി പ്രകാരമുള്ള പലിശയിനത്തിലെ ബാധ്യത മാത്രം 1.44 കോടി രൂപയാണ്).

4-6 സ്ഥിരനിക്ഷേപങ്ങൾ

വാർഷിക കണക്ക് പ്രകാരം ബ്ളോക്ക് പഞ്ചായത്തിന് സ്ഥിരനിക്ഷേപങ്ങൾ ഇല്ല.

4-7 ഓഡിറ്റ് റിക്കവറി.

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം വരവില്ല. ഓഡിറ്റ് റിക്കവറി രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതാണ്.

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലുൾപ്പെട്ട ഖണ്ഡികകളുടെ വിവരം.

സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലുൾപ്പെട്ട ഖണ്ഡികകളുടെ വിവരം ചുവടെ ചേർക്കുന്നു.

ഓഡിറ്റ് റിപ്പോർട്ട് വർഷം	ഖണ്ഡിക നം.	സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം	ഖണ്ഡിക നം.	വിഷയം	ഇപ്പോഴത്തെ അവസ്ഥ

2006-07	3-14	2009-10	2-9	മുൻകൂർ നൽകിയിട്ടും പദ്ധതി പൂർത്തീകരിച്ചില്ല	അക്കൗണ്ട്സ് കമ്മറ്റിയുടെ പരിഗണനയിലാണ്
1999-2000	24	2001-02	5-4	ഉഴവൂർ ഡയറി യൂണിറ്റ് പദ്ധതി നടത്തിപ്പിലെ അപാകതകൾ	അക്കൗണ്ട്സ് കമ്മറ്റിയുടെ പരിഗണനയിലാണ്

4-9 ചാർജ്/ സർചാർജ് നടപടികളിലൂടെ ഈടാക്കിയ തുകകളുടെ വിവരം

തൻവർഷം ചാർജ്/ സർചാർജ് നടപടികളിലൂടെ തുകകളൊന്നും ഈടാക്കിയിട്ടില്ല.

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പടെ) (റസീപ്റ്റ് & പെയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം)	:	80598478/-
ആകെ വരുമാനം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് പ്രകാരം)		50955727/-
ഓഡിറ്റ് വർഷത്തെ ആകെ ചെലവ് (റസീപ്റ്റ് & പെയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം)	:	68908164/-
ആകെ ചെലവ് (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് പ്രകാരം)		55230273/-
വരവിനങ്ങളിലുള്ള വ്യക്തമായ നഷ്ടം	:	ഇല്ല
ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	:	ഇല്ല
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	:	7657548

(ബി) ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നം.	തുക	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
1-14	1488740	ഡോ.റ്റിൻസി രാമകൃഷ്ണൻ, സി.ഡി.പി.ഒ
1-16	870396	ജോഷിജോസഫ്, സെക്രട്ടറി

1-17	2531347	ജോഷിജോസഫ്, സെക്രട്ടറി
1-18	754490	സിന്ധു കെ മാത്യു, എ.ഡി.എ
1-19(1)	1000000	ഡോ ജെസ്സിജോയ് സെബാസ്റ്റ്യൻ, മെഡിക്കൽ ഓഫീസർ, ഉഴവൂർ കെ.ആർ.എൻ.എസ്
1-19(2)	200000	ഡോ വിധു ജെയിംസ്, മെഡിക്കൽ ഓഫീസർ, കടപ്ലാമറ്റം എഫ്.എച്ച്.സി
1-21	226838	സുജ എസ്, അസി.എഞ്ചിനീയർ
1-25	99778	ജയശ്രീ എം, അസി.എഞ്ചിനീയർ
1-27(1)	190385	ഡോ ജെസ്സിജോയ് സെബാസ്റ്റ്യൻ, മെഡിക്കൽ ഓഫീസർ, ഉഴവൂർ കെ.ആർ.എൻ.എസ്
1-27(2)	45574	ഡോ റോസ് സജിതാജോർജ്, മെഡിക്കൽ ഓഫീസർ, കടപ്ളാമറ്റം എഫ്.എച്ച്.സി
1-29	250000	ജോഷിജോസഫ് , സെക്രട്ടറി
ആകെ	7657548	

(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

ഖണ്ഡിക നം.	തുക/ഇനം	ഉത്തരവാദിയായ ഉദ്യോഗസ്ഥൻ
1-14	**6000/- (ജിഎസ്ടി)**	ഡോ.റ്റിൻസി രാമകൃഷ്ണൻ, സി.ഡി.പി.ഒ
1-16 (ക്രമ നം.2)	**1555/- (ജിഎസ്ടി)**	ജോഷിജോസഫ് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി
1-17	**5023/-(ജിഎസ്ടി)**	ജോഷിജോസഫ് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി
1-18	**15090**	സിന്ധു കെ മാത്യു, എ.ഡി.എ

(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

ഇല്ല

(ഇ) <u>റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ</u>

ഇല്ല

4-11 തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ.

ഓഡിറ്റ് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം	തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം
1998-99	നം.എൽ.എഫ്.കെ.പി.1/763/01/7.11.03	-
1999-2000	നം.എൽ.എഫ്.കെ.പി.224/(1)12/26.10.13	-
2000-01,01-02	നം.എൽ.എഫ്.കെ.പി.45(3)12/26.10.13	-
2002-03	നം.എൽ.എഫ്.കെ.പി.4/224(3)12/26.10.13	-
2003-04	നം.എൽ.എഫ്.കെ.പി.4/224(4)/12/ 26.10.13	-
2004-05	നം.എൽ.എഫ്.കെ.പി1/308/07/7.5.07/14.9.07	-
2006-07	നംഎൽ.എഫ്.കെ.പി.4/224/12/13.4.12	-
2007-08	നം.എൽ.എഫ്.കെ.പി.4/250/11/31.3.12	-
2008-09	നം.എൽ.എഫ്.കെ.പി.4/251/11/31.8.12	-
2009-10	നം.എൽ.എഫ്.കെ.പി.4/252/11/31.3.12	-
2011-12	**കെ.എസ്.എ.കെ.ടി.എം.പി.15/751/23/ 20.05.2023**	5
2012-13	കെ.എസ്.എ.കെ.ടി.എം പി.15/751/2023 തീയതി 20.05.2023	09
2013-14, 2014-15	കെ.എസ്.എ.കെ.ടി.എം.പി.15/896(2013-14, 14-15)അദാ.2024/12.06.2024	3
2015-16	നം.കെ.എസ്.എ.കെ.ടി.എം.പി15/അദാ.2024/896 (15-16)/12.06.2024	1
2016-17	നം.കെ.എസ്.എ.കെ.ടി.എം.പി15/896 (16-17)അദാ.2024/12.06.2024	1
2017-18	നം.കെഎസ്എ.കെടിഎം.പി.15/അദാ.2024 /896(17-18)/12.06.2024	4
2018-19	നം.കെഎസ്എ.കെടിഎം.പി.15.639/20/04.09.20	11
2020-21	നം.കെഎസ്എ.കെടിഎം.പി.15/അദാ.2024 /896(20-21)/24/12.06.2024	7
2021-2022	നം.കെഎസ്എ.കെടിഎം.പി.15/1130 /23/16.03.2024	18
2022-23	നം.കെഎസ്എ.കെടിഎം.പി.15./21/24/05.02.24 /14.02.2024	19

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം

Annexure-1
Audit Certificate

i. I have audited the attached Financial statements approved vide resolution number 4 dated 4 dated 23-05-2024 and submitted on 31-05-2024 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2024 and Balance sheet as on 31-03-2024 , with supporting forms, of the Uzhavoor Block Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.
ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.
iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,
I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2023-2024 and Financial position of Uzhavoor Block Panchayat as on 31-03-2024

Date: 10/09/2024 **Senior Deputy Director**

Kerala State Audit Department

Audit Report appended to the Audit Certificate of Uzhavoor Block Panchayat for the Year 2023-2024.

1.Major Observations

1) The valuation of Block panchayat assets as on 31/03/2024 as reflected in the respective schedule of balance sheet could not be verified as asset
register is not kept up to date by complying the instructions in G.O.(MS) 152/2011 dated 26/07/2011.
It is not clear whether the value of fixed assets included in the schedule such as market, busstand, roads etc. are
actually the assets of Block Panchayat (Schedule B-11 of Balance Sheet.) It is subject to confirmation.

2) The authenticity of generated figure in respect of General Fund and Capital Contribution of Block Panchayat as on 31/03/2024
could not be verified in the absence of supporting documents and these figures are reckoned provisionally.

3) The accuracy of the amount (Rs.1687412/-) included in Schedule B-11(a) as capital work in progress could not be ascertained

in the absence of supporting records and work sheet.

2.Other Observations

1.Arrear and current DCB of rental income as shown in the respective register do not tally with the amount shown
in the AFS.

2.The amounts reflected in Schedule B5 (Secured Loans) and Schedule B16 (Pre-paid Expenses) in the balance sheet as on
31.03.2024 is provisional and the accuracy of adjusting entries to arrive at these figures could not be verified.

3.Actual Expenditure amounts under Finance Commission grant-tied and untied items do not match
the figure as per AFS. (See Foot Note under para 1.4.)

Senior Deputy Director
Kerala State Audit Department

അനുബന്ധം-2
ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോട്ടയം ജില്ലയിലെ ഉഴവൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2023-2024 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്